
Fundamental Knowledge of
True Theology - Chapter : 23
He has risen
Mark 16 : 6
He Is Risen !
He himself bore our sins in his Body on the cross
1st peter 2:24
Crown of thorns
Mark 15 : 17
ക്രിസ്തുശാസ്ത്രം
CHRISTOLOGY
-Devasia Mullakara Sir
By his wounds we are healed.
isaiah 53:5
The lion of the tribe of Judah
Revelation 5:5
LEADING CHRISTIAN MAGAZINE
ആത്മാഭിഷേകം
2017 മെയ് വാല്യം 2 ലക്കം 4
Like a lamb led to the slaughter
Isaiah 53 : 7

# സ്കിസോഫ്രീനിക്ക് വ്യക്തിത്വം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

കഴിഞ്ഞ ഏതാനും മാസങ്ങളായി മലയാളികൾ മീഡിയാകളിലും പത്രങ്ങളിലും കണ്ടും കേട്ടും ഭാരപ്പെടുകയാണ് ശിശുപീഡനങ്ങളറിഞ്ഞ്. വിഘടിത വ്യക്തിത്വമുള്ള "സ്കിസോഫ്രീനിക്ക്" (Schizophrenic) വ്യക്തികളാണ് ഇത്തരം വൈകൃതങ്ങൾ കൂടുതലും കാട്ടിക്കൂട്ടുന്നത്. വാസ്തവത്തിൽ സാത്താൻ ആ വ്യക്തികളെ അതിഭയാനകമായ വിധത്തിൽ ആ ചാപല്യങ്ങൾക്ക് ഉപയോഗിക്കുകയാണ്. സാത്താനെ പുറത്താക്കാൻവേണ്ടി, ബൈബിളിലേക്കും യേശുക്രിസ്തുവിലേക്കും വരാത്ത ഡോക്ടർമാർക്ക് സാധിക്കുന്നില്ലെങ്കിലും വിശ്വാസത്തോടുകൂടി പ്രാർത്ഥിക്കുന്നവർക്ക് ഈ സ്കിസോഫ്രീനിക്കുകളെ കൈയിൽ കിട്ടിയാൽ, കൈകാര്യം ചെയ്യാൻ കഴിയും.

മർക്കോ.8:38-ൽ "വ്യഭിചാരവും പാപവുമുള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയുംകുറിച്ച് നാണിച്ചാൽ അവനെക്കുറിച്ച് മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധദൂതന്മാരുമായി വരുമ്പോൾ നാണിക്കും." അതായത് വ്യഭിചാരവും പാപവുമുള്ള തലമുറയിലെ മനുഷ്യരാണ്, അവർ ഏതു ജാതിമതങ്ങളിലായാലും ഈ 'പരമപാപം' ചെയ്യുന്നത്. ബൈബിളിലേക്ക് ലോകർ ഏറ്റവും വേഗം എത്തി ക്രിസ്തുവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള ഒരു പ്രാർത്ഥനാജീവിതം, അഥവാ, ആരാധനാജീവിതം നയിക്കുക എന്നുള്ളതാണ് ഈ പ്രശ്നത്തിന് ഏക പോംവഴി.

ലൈംഗികസംഗമസമയത്ത് ഇരുവരും ഏകശരീരമായിത്തീരുന്നതിനാൽ ഒരു വ്യക്തിയിൽ കുടികൊള്ളുന്ന പിശാച് ദുരുപയോഗിക്കപ്പെടുന്ന വ്യക്തിയിലേക്കും സ്വാഭാവികമായും പ്രവേശിക്കും. ഇവിടെ ദുരുപയോഗിക്കപ്പെടുന്ന വ്യക്തി ഭൂരിപക്ഷവും പെൺകുട്ടികളും ചിലപ്പോഴൊക്കെ ആൺകുട്ടികളുമാണ്. ഏതാനും തവണത്തെ ലൈംഗികദുരുപയോഗം കാരണം ആ കുഞ്ഞ് വളരെയേറെ ഉൾവലിഞ്ഞ സ്വഭാവത്തിന്റെ ഉടമയാകും. ആന്തരികമായും ബാഹ്യമായും മുറിവേൽപ്പിക്കപ്പെടുന്ന ആ കുഞ്ഞുങ്ങൾ ആ ചെറിയ പ്രായം മുതൽ മറുതലിപ്പും അനുസരണക്കേടുമുള്ളവർ ആയിത്തീരും. സ്വശരീരത്തിൽ എന്താണ് പുരുഷന്മാർ ചെയ്യുന്നതെന്ന് ആ ഇരയായ പെൺകുട്ടികൾക്ക് ആദ്യമാദ്യം മനസ്സിലാവുകയില്ല. കുറച്ചുകഴിയുമ്പോൾ കാര്യം മനസ്സിലായി കഴിയുമ്പോൾ പിശാചും ഉള്ളിൽ പ്രവേശിച്ചുകഴിഞ്ഞിരിക്കും. തന്നെ ദുരുപയോഗിക്കുന്ന വ്യക്തിയുടെ, മന്ത്രതന്ത്ര സ്വഭാവത്തിന്റെ പാപക്കെണികൾക്ക്, കുഞ്ഞും പങ്കാളിത്തം വഹിക്കുന്നതിനാൽ അഗാധമായ ഭയവും നിരാശയും കുഞ്ഞിനുണ്ടായിക്കഴിഞ്ഞിരിക്കും. ഇത്തരം കുട്ടികൾ പഠിക്കാൻ കഴിവില്ലാത്തവരായി മാറിക്കൊണ്ടിരിക്കും. പ്രാർത്ഥിക്കാൻ അവർക്ക് ഒരിക്കലും താല്പര്യമില്ലാതെ പോകും.

ഇവർ ചീത്ത പേടിസ്വപ്നങ്ങൾ കാണുക സ്വാഭാവികമാണ്. ചീത്ത പേടിസ്വപ്നങ്ങൾ കാണുക


(ശേഷം 4-ാം പേജിൽ)

## ഉള്ളടക്കം


എഡിറ്റോറിയൽ ........ 2,4,5
ക്രിസ്തുശാസ്ത്രം ........ 3,6-15
ആരാധനാ കേന്ദ്രങ്ങളും
ശുശ്രൂഷകരും ........ 16-21
ക്രിസ്തുശാസ്ത്രം ........ 22-33
വാർത്തകൾ ........ 34
പ്രോഗ്രാം കലണ്ടർ ........ 35



ചീഫ് എഡിറ്റർ: ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ: പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം, പാ: ജോർജ്ജ്, പാ:സോജൻ
പാ: യേശുദാസ്, പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ്: ജോസഫ് ഫ്രാൻസിസ്,
ഡി.റ്റി.പി: സ്നേഹ ജോയിച്ചൻ,
സ്റ്റിൽസ്: പ്രിൻസ് ജോസ്,
ലേഔട്ട് & ഡിസൈൻ : ജസ്റ്റിൻ




# ആമുഖം

## ക്രിസ്തുശാസ്ത്രത്തിന്റെ പ്രാമാണ്യം

ബൈബിളിന്റെ അടിസ്ഥാനത്തിൽ ക്രിസ്തുവിന്റെ ആളത്വം, ശുശ്രൂഷാ, തിരുമരണം, പുനരുത്ഥാനം, വീണ്ടുംവരവ് - എന്നുതുടങ്ങിയുള്ള സനാതന സത്യസംഭവങ്ങളെ ക്രമീകൃതമായി പഠിക്കുന്നതിനെയാണ് ദൈവശാസ്ത്രത്തിൽ ക്രിസ്തുവിജ്ഞാനീയം (ക്രിസ്തുശാസ്ത്രം) അഥവാ "ക്രിസ്റ്റോളജി" എന്നു പറയുന്നത്. വിശുദ്ധ ബൈബിൾ വെളിപ്പെടുത്തുന്ന ഏകസത്യദൈവമാണ് യേശുക്രിസ്തു. പിതാവും പുത്രനും ഒന്നുതന്നെയായതുകൊണ്ടാണ് അങ്ങനെ എഴുതിയത്.

നമ്മുടെ രക്ഷ യേശുക്രിസ്തുവിൽ കേന്ദ്രീകൃതമാണ്. നമ്മുടെ രക്ഷയും പാറയും ചരിത്രത്തിന്റെ കേന്ദ്രബിന്ദുവും വിശ്വാസത്തിന്റെ നായകനും വിശ്വാസത്തെ പൂർത്തിവരുത്തുന്നവനും നമ്മുടെ പാപവിമോചകനും എല്ലാമെല്ലാമാണ് യേശു. നിത്യജീവനും അവൻ തന്നെയാണ് തരുന്നത്.

## യേശുക്രിസ്തു, ക്രിസ്തുശാസ്ത്രം (CHRISTOLOGY)

1. ക്രിസ്തുവിന്റെ ആളത്വവും ജഡാവതാരത്തിന്റെ ഉദ്ദേശ്യങ്ങളും പരിശുദ്ധിയും നിത്യപുത്രത്വവും
2. യേശുക്രിസ്തുവിന്റെ ദൈവത്വവും
3. യേശുക്രിസ്തുവിന്റെ പൂർവ്വകാല നിത്യതയും
4. യേശുക്രിസ്തുവിന്റെ സ്വഭാവവും താഴ്മ ധരിക്കലും
5. ക്രിസ്തുവിന്റെ പേരുകളും പദവികളും
6. യേശുവിന്റെ വിവിധ ശുശ്രൂഷകൾ
7. കന്യകാജനനവും ജനനത്തിന്റെ സവിശേഷതകളും നേരിട്ട പരീക്ഷകളും
8. യേശുക്രിസ്തുവിന്റെ കാൽവരിയാഗം
9. യേശുക്രിസ്തുവിന്റെ ഉയിർപ്പ്, (പുനരുത്ഥാനം)
10. യേശുവിന്റെ സ്വർഗ്ഗാരോഹണവും പരിശുദ്ധാത്മ പ്രേക്ഷണവും വീണ്ടും വരവിന്റെ മുഖവുരയും

(ശേഷം 6-ാം പേജിൽ)

# സ്കിസോഫ്രീനിക് വ്യക്തിത്വം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

(2-ാം പേജിൽ നിന്നും തുടർച്ച)

സ്വാഭാവികമാകുന്നതോടുകൂടി ഉറങ്ങാൻ അനുവദിക്കില്ല, മനസ്സ്. ഉറങ്ങാൻ കഴിയാതെ വരുന്നതോടെ, ഭക്ഷണത്തോട് താല്പര്യവും കുറയും. കളിക്കൂട്ടുകാരെ കളിച്ച് തോല്പിക്കാൻ പറ്റാതെ വരികയും, വഴക്കുണ്ടാക്കി തോല്പിക്കുവാൻ ശ്രമമാരംഭിക്കുകയും ചെയ്യും. താമസിയാതെ മലബന്ധം എന്ന സംഭവം കൂടുതൽ പേരിലും ഉണ്ടാകും. ഭക്ഷണം കഴിക്കാതെയും ഉറങ്ങാൻ കഴിയാതെയും കാണപ്പെടുന്ന ഇത്തരം കുട്ടികളുടെ പ്രയാസങ്ങൾ പരിഹരിക്കുവാൻ മാതാപിതാക്കന്മാർക്ക് ഒരുപരിധി വരെ കഴിയും.

മാതാപിതാക്കൾ ആദ്യം ചെയ്യേണ്ടത് അവർ അവരെ വിശുദ്ധീകരിക്കണമെന്നതാണ്. അവർ സ്വയം ചോദിക്കണം അവരും കർത്താവുമായുള്ള ബന്ധം ഉറപ്പിച്ചതാണോ എന്ന്. ബൈബിളിലെ യേശുക്രിസ്തുവുമായി നിങ്ങളുടെ ബന്ധം ഉറച്ചതല്ലെങ്കിൽ നിങ്ങൾ നിസ്സഹായരായിരിക്കും. യേശുക്രിസ്തുവിന്റെ ശക്തിക്കു മാത്രമെ അഥവാ പരിശുദ്ധാത്മാവിനു മാത്രമെ പിശാചുക്കളെയും മനോരോഗ വൈകൃതങ്ങളെയും, സാത്താന്റെ അതിനീചമായ ലൈംഗികപാപവൈകൃതങ്ങളെയും കണ്ടുപിടിച്ച് ആത്മീയ ചികിത്സ നൽകി അവയെ പരിഹരിക്കുവാൻ കഴിയുകയുള്ളു.

യേശുക്രിസ്തു എല്ലാവരെയും സ്നേഹിക്കുന്നു. യേശുക്രിസ്തു മാതാപിതാക്കളെ മാത്രമല്ല അന്യന്മാരാൽ വല്ലപ്പോഴോ കൂടെക്കൂടെയോ ദുരുപയോഗിക്കപ്പെടുന്ന കുഞ്ഞുങ്ങളെയും മുതിർന്നുകൊണ്ടിരിക്കുന്നവരെയും വളരെയേറെ സ്നേഹിക്കുന്നു എന്ന പ്രപഞ്ചത്തിലെ ഏറ്റവും വലിയ സത്യം അവരവർ ഗ്രഹിക്കേണ്ടതുപോലെ ഗ്രഹിക്കുന്നതോടെ, ആ കുട്ടികളുടെയും മുതിർന്നവരുടെയും മനസ്സിൽ ആശ്വാസവും സമാധാനവും ആകും. മാതാപിതാക്കന്മാർക്ക് യേശുക്രിസ്തുവുമായി നല്ല അടുപ്പമുണ്ടെങ്കിൽ കുട്ടികളിലേക്കും അവരിലൂടെ ക്രിസ്തുവിന്റെ സ്നേഹം പകരുവാൻ തുടങ്ങും. മർക്കോ.10-ൽ 13 മുതൽ 16 വരെ വചനങ്ങൾ പരിശോധിക്കാം. "അവൻ തൊടേണ്ടതിന് ചിലർ ശിശുക്കളെ അവന്റെയടുക്കൽ കൊണ്ടുവന്നു. ശിഷ്യന്മാരോ, അവരെ ശാസിച്ചു. യേശു അത് കണ്ടപ്പോൾ മുഷിഞ്ഞ്, അവരോട് ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടയരുത്. ദൈവരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ. ദൈവരാജ്യത്തെ ശിശു എന്നപോലെ കൈക്കൊള്ളാത്തവൻ ആരും ഒരുനാളും അതിൽ കടക്കുകയില്ല എന്ന് ഞാൻ സത്യമായിട്ടും നിങ്ങളോട് പറയുന്നു എന്നു പറഞ്ഞു. പിന്നെ അവൻ അവരെ അണച്ച് അവരുടെമേൽ കൈ വെച്ച് അവരെ അനുഗ്രഹിച്ചു."

മത്താ.18-ൽ 3,4,5,6,10 വചനങ്ങളിലേക്കും വരാം. അവൻ ഒരു ശിശുവിനെ അടുക്കൽ വിളിച്ച് അവരുടെ നടുവിൽ നിർത്തി. നിങ്ങൾ തിരിഞ്ഞ് ശിശുക്കളേപ്പോലെ ആയി വരുന്നില്ല എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയില്ല എന്ന് ഞാൻ സത്യമായി നിങ്ങളോട് പറയുന്നു എന്ന് പറഞ്ഞു. ആകയാൽ ശിശുവിനേപ്പോലെ തന്നെത്താൻ താഴ്ത്തുന്നവൻ സ്വർഗ്ഗരാജ്യത്തിലെ ഏറ്റവും വലിയവൻ ആകുന്നു. ഇങ്ങനെയുള്ള ശിശുവിനെ എന്റെ നാമത്തിൽ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു. എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ആരെങ്കിലും ഇടർച്ച വരുത്തിയാലോ അവന്റെ കഴുത്തിൽ വലിയൊരു തിരികല്ല് കെട്ടി അവനെ സമുദ്രത്തിന്റെ ആഴത്തിൽ താഴ്ത്തിക്കളയുന്നത് അവന് നന്ന്." "ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിപ്പാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നുവെന്ന് ഞാൻ നിങ്ങളോട് പറയുന്നു."

ശിശുക്കളെയും ബാലികാബാലന്മാരെയും കൗമാര പ്രായക്കാരെയും യേശുക്രിസ്തു അഗാധമായി സ്നേഹിക്കുന്നു വെന്ന് മേലെഴുതിയ വചനങ്ങൾ വായിച്ചുപഠിച്ച് മുതിർന്നവർ ആദ്യം മനസ്സിലാക്കണം. അക്കാര്യം കുട്ടികൾക്ക് വളരെ പ്രത്യേകിച്ച് മനസ്സിലാകണം. യേശു ശിഷ്യന്മാരോടുപോലും അവരെ യേശുവിന്റെ അടുക്കൽകൊണ്ടുപോകുന്നതിൽനിന്നും തടയരുത് എന്നു പറയുമ്പോൾ; അവരോടുള്ള സ്നേഹം മാത്രമല്ല, അവരെ സ്നേഹിക്കുക എന്നത് തന്റെ ശുശ്രൂഷതന്നെയാണെന്ന്കൂടെ സമർത്ഥിക്കുകയാണ്. ഒരു അപ്പനെക്കാളും അമ്മയെക്കാളും അധികമായി അവരെ 'സ്പെഷ്യലായി' ജീവിക്കുന്ന ദൈവമായ യേശു സ്നേഹിക്കുന്നു എന്ന തിരിച്ചറിവോടെ കുട്ടി ആത്മീയമായി

# സ്കിസോഫ്രീനിക് വ്യക്തിത്വം

## എഡിറ്റോറിയൽ

ദേവസ്യാ മുല്ലക്കരസാർ

ഉണരും. മുതിർന്നവർക്ക് യേശുക്രിസ്തുവുമായി ഉറ്റബന്ധമില്ലെങ്കിൽ ക്രിസ്തുവുമായി യഥാർത്ഥബന്ധമുള്ള നല്ല ഒരു പാസ്റ്ററെ ഈ വിഷയം കൈകാര്യം ചെയ്യുവാൻ നിങ്ങൾ ഏല്പിക്കുക തന്നെ വേണം.

ലൈംഗികപീഡനത്തിന്റെ ഫലമായി കുട്ടികളിലുണ്ടായിരിക്കുന്ന ആന്തരികമുറിവുകളെ, മരുന്നു കൊടുത്തല്ല, സ്നേഹവും മന:ശാസ്ത്രപരമായ സമീപനത്താലും മാറ്റുവാൻ കഴിയുന്ന ഒരു വിദഗ്ധഡോക്ടറെ, അതും വല്ലപ്പോഴും കാണുന്ന ഡോകടറായിരിക്കരുത്, കുടുംബ ഡോക്ടറെ കാണിക്കുന്നതും അദ്ദേഹത്തിന്റെ നിർദ്ദേശങ്ങളെ സ്വീകരിക്കലോ കൂടെക്കൂടെയുള്ള കുടുംബസന്ദർശനങ്ങളോ ഒക്കെ അഭികാമ്യമാണ്.

ഇത്തരം കുഞ്ഞുങ്ങളെ പതിവായി ഇതുപോലെ വേദനിപ്പിക്കാൻ സാധ്യതയില്ലാത്ത വിധത്തിൽ കുട്ടികളുടെ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, ഹോസ്റ്റലുകൾ മുതലായവ മാറ്റേണ്ടവയാണെങ്കിൽ മാറ്റിക്കൊടുക്കുന്നതും അത്യാവശ്യമാണ്. കുട്ടി പഠിക്കുന്ന പ്രീപ്രൈമറി സ്കൂളുകളോ പ്രൈമറിസ്കൂളുകളോ, കുട്ടിക്ക് പ്രിയപ്പെട്ടതാണെങ്കിൽ മാറ്റിക്കൊടുക്കാതെയിരിക്കുന്നതായിരിക്കും നല്ലത്.

കുട്ടിയെ നിങ്ങൾ എവിടെ മാറ്റിയാലും പിശാചുക്കൾ നിങ്ങളെയും കുട്ടിയെയും പിന്തുടരുകതന്നെ ചെയ്യും. അപ്പോൾ കല്പിതവചനങ്ങൾ പറഞ്ഞ് ആ കുട്ടികളെ ക്രിസ്തുവിന്റെ രക്തത്തിന്റെ (രക്തവളപ്പിൽ) സംരക്ഷണത്തിൽ സദാ സമയവും നാം നിർത്തേണ്ടതാണ്. പ്രാർത്ഥനാ തെറാപ്പികൊണ്ടാണ് ഇത്തരം പ്രശ്നങ്ങളെ കൈകാര്യം ചെയ്യേണ്ടത്. മാതാപിതാക്കൾ യാതൊരു കാരണവശാലും ഇത്തരം 'കേസുകളിൽ' കുഞ്ഞുങ്ങളെ ശിക്ഷിക്കരുത്. ഇതൊന്നും സാരമില്ല എന്നു കരുതി തള്ളിക്കളയുകയുമരുത്. കുട്ടികൾ വളർന്ന് കൗമാരപ്രായക്കാരായാൽ അവർക്കും ഈ പാപബന്ധനത്തിലകപ്പെടാൻ ചെറിയ താല്പര്യമുണ്ടാകത്തക്കവണ്ണമാണ് പിശാചിന്റെ താല്പര്യങ്ങൾ. പിശാചാകട്ടെ ഇത്തരം കുട്ടികളെ ഭാവിയിൽ വൻ പാപബന്ധനത്തിലേക്ക് വലിച്ചിഴച്ച് കൊണ്ടു പോകാനും സാധ്യതയുണ്ട്. പാപബന്ധനത്തിൽ ഒരു കുട്ടിയെ അകപ്പെടുത്തുകയും, ആ കുട്ടിയെ വചനരഹിതസഭകളിലാക്കി, സയൻസിനും ടെക്നോളജിക്കും പ്രാധാന്യം കൊടുക്കുന്ന സിലബസിലുമാക്കിയാൽ പിന്നെ ആ ആത്മാവിനെയും, അവന്റെ/ അവളുടെ കൂട്ടുകാരുടെ ആത്മാക്കളെയും നരകത്തിലേക്ക് നേടുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല.

## തിരുത്ത്

ഏപ്രിൽ മാസത്തെ മാസികയിൽ 9-ാം പേജിൽ 2-ാം കോളത്തിൽ 9 എന്ന നമ്പർ ഇട്ടിരിക്കുന്നയിടത്ത് "പത്രോസേ നീ പാറയാണ്" എന്നെഴുതിയിരിക്കുന്നത് "നീ പത്രോസ് ആകുന്നു"എന്ന് തിരുത്തി വായിക്കണമെന്ന് അപേക്ഷിക്കുന്നു

(എഡിറ്റർ)




(3-ാം പേജിൽ നിന്നും തുടർച്ച)

ദൈവീകത്രിത്വത്തിലെ രണ്ടാമനായ 'ക്രിസ്തു' എന്ന ദൈവമർമ്മത്തെപ്പറ്റി ബൈബിൾ പ്രതിപാദിക്കുന്ന സത്യങ്ങളെ കണ്ടെത്തി, വിശ്വാസത്തെയും വിശുദ്ധിയെയും ആത്മാവിൽ ചാലിച്ചുചേർത്ത് അവതരിപ്പിക്കുന്ന ആത്മീയദർശനത്തെ വിളിക്കുന്ന പേരാണ് ക്രിസ്തുശാസ്ത്രം എന്ന ക്രിസ്റ്റോളജി. ക്രിസ്റ്റോസ് എന്ന ഗ്രീക്കുപദത്തിന്റെ മലയാളരൂപമാണ് ക്രിസ്തു. അഭിഷേകം ചെയ്യപ്പെട്ടവനെന്നാണ് ക്രിസ്റ്റോസിനർത്ഥം. അതെ, ക്രിസ്തു, ദൈവത്തിന്റെ അഭിഷിക്തൻ തന്നെ. അവൻ ദൈവത്തിന്റെ പുത്രനും, യഥാർത്ഥ ദൈവപ്രതിമയും ദൈവവും ആണ് എന്ന്, പഠിച്ച് പഠിച്ച്, ചെല്ലുമ്പോൾ മനസ്സിലാകും. "അവനിൽ വിശ്വസിക്കുന്ന ഏവനും, അവന്റെ നാമം മൂലം പാപമോചനം ലഭിക്കും" എന്ന് സകല പ്രവാചകന്മാരും സാക്ഷ്യം പറയുന്നു എന്ന് അപ്പൊസ്തലപ്രവർത്തനങ്ങൾ 10:43-ൽ പറയുന്നതിൽനിന്നും പഴയനിമയയുഗത്തിലെ പ്രവാചകന്മാർ പോലും, ക്രിസ്തുവിനെ പ്രതീക്ഷയോടെ കാത്തിരുന്നുവെന്നും ക്രിസ്തു മുഖാന്തരമാണ് മാനവർക്ക് ഏറ്റവും അത്യാവശ്യമായ "പാപമോചന" മെന്നും നാം മനസ്സിലാക്കണമല്ലോ.

**കേന്ദ്രവിഷയം**

അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ കേന്ദ്രവിഷയം 'ക്രിസ്തു' ആയിരുന്നു. "പിന്നെ അവർ ദിനമ്പ്രതി ദേവാലയത്തിലും വീട് തോറും, വിടാതെ ഉപദേശിക്കുകയും, യേശുവിനെ ക്രിസ്തു എന്ന് സുവിശേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു'' (അപ്പൊ.5:42). ''അവൻ ദമസ്കോസിലുള്ള ശിഷ്യന്മാരോടുകൂടെ കുറെനാൾ പാർത്തു. യേശുതന്നെ ദൈവപുത്രൻ എന്ന് പള്ളികളിൽ പ്രസംഗിച്ചു'' (അപ്പൊ.പ്ര.9:19,20). മനുഷ്യവർഗ്ഗത്തിന്റെ പൂർവ്വകാലചരിത്രം; ക്രിസ്തുവിനുവേണ്ടിയുള്ള കാത്തിരിപ്പിന്റെയും, ക്രിസ്തു വന്ന ശേഷമുള്ള രക്ഷയുടെയും, ക്രിസ്തു മരിച്ചുയിർത്തശേഷമുള്ള അവന്റെ ഇനിയുള്ള വരവിന്റെയും, അവനിൽ പൂർണ്ണമായും വിശ്വസിച്ചനുസരിക്കുന്നവർക്ക് നിത്യജീവൻ ലഭിക്കുവാനിരിക്കുന്നു എന്നതിന്റെയും സ്വർഗ്ഗീയ അസ്ഥയാണ്. ഒരൊറ്റ തിരുവചനമുദ്ധരിച്ചാൽ ഇത്രയും കാര്യങ്ങൾ സ്പഷ്ടമാകും. "എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി, ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചവനായി, നിയോഗിച്ചയച്ചത് അവൻ ന്യായപ്രമാണത്തിന്റെ കീഴുള്ളവരെ വിലക്കു വാങ്ങിയിട്ട്, നാം പുത്രത്വം പ്രാപിക്കേണ്ടതിനുതന്നേ" (ഗലാ.4:4).

**ആളത്വം (The Person of Christ)**

ക്രിസ്തുവിജ്ഞാനീയം എന്ന ക്രിസ്റ്റോളജിയിലെ ഒരു സുപ്രധാന ചിന്താവിഷയമാണ് യേശുവിന്റെ ആളത്വം എന്നത്. മനുഷ്യൻ എന്ന (അന്ത്രൊപ്പോസ്) പദവി ക്രിസ്തുവിനുണ്ടായിരുന്നു. ദൈവം (തിയോസ്) എന്ന പദവിയും ക്രിസ്തുവിനുണ്ടായിരുന്നു, ഉണ്ട്. ക്രിസ്തുവിന്റെ ആളത്വത്തിനാണ് ഉപദേശത്തേക്കാൾ പ്രാധാന്യം. ബുദ്ധന്റെ ഉപദേശങ്ങളാലാണ് ബുദ്ധമതം നിലനില്ക്കുന്നത്; ബുദ്ധന്റെ അസ്തിത്വത്താലല്ല. എന്നാൽ "ക്രിസ്റ്റ്യാനിറ്റി" എന്നത് ക്രിസ്തുവിന്റെ ഉപദേശങ്ങളെ തള്ളിക്കളയുന്നില്ല ഒട്ടുംതന്നെ; ക്രിസ്തുവിന്റെ നിറഞ്ഞ സാന്നിധ്യത്താൽ, അഥവാ ആളത്വത്താലത്രേ നില നിൽക്കുന്നത്. മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നുവെന്നല്ലാതെ ക്രിസ്തുവിന്റെ ഉപദേശം നിങ്ങളിലിരിക്കുന്നുവെന്ന് കൊലോസ്യ ലേഖനം 1:27-ൽ പറഞ്ഞിട്ടില്ല. ചരിത്രം ബി.സി എന്നും എ.ഡി എന്നും രണ്ടായി വിഭജിക്കപ്പെട്ടത് ക്രിസ്തുവിന്റെ ജഡധാരണത്തോടുകൂടിയാണ്. അഥവാ ആളത്വത്തോടു കൂടിയാണ്. ചരിത്രം ആരംഭിക്കുന്നതിനുമുമ്പുണ്ടായിരുന്ന പൂർവ്വകാല നിത്യതയിൽ അവിടുത്തേക്ക് ആളത്വമല്ല ഉണ്ടായിരുന്നത്, വചനമെന്ന (ആത്മാവെന്ന) അവസ്ഥയായിരുന്നു.

**നമുക്ക് ഒരു ശിശു**

(പഴയനിയമത്തിൽ ക്രിസ്തുവിനെക്കുറിച്ച്




പറഞ്ഞവയിൽ ചില ഉദ്ധരണികൾ). "നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നല്കപ്പെട്ടിരിക്കുന്നു; ആധിപത്യം അവന്റെ തോളിൽ ഇരിക്കും; അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ.9:6). നമുക്ക് എന്ന ബഹുവചനം പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിവർക്ക് പകരം ഉപയോഗിച്ചിരിക്കുകയാണ്. പക്ഷെ അവർ ഏക ദൈവമാണെങ്കിലും വെവ്വേറെ ആളത്വങ്ങളാണ്. രണ്ട് പിതാവില്ല. നിത്യജീവൻ കൊടുക്കുന്ന മഹത്പദവി ഉള്ളതിനാലാണ് പുത്രനെ നിത്യപിതാവെന്ന് വിളിച്ചിരിക്കുന്നത്. ത്രീയേക ദൈവത്തിന് ജനിച്ച ശിശുവായ ക്രിസ്തു യഥാർത്ഥത്തിൽ നിത്യപിതാവ് തന്നെയെന്ന് പറഞ്ഞപ്പോൾ നിഗൂഢമായ ദൈവീകമർമ്മമാണ് അവിടെ വെളിപ്പെട്ടത്. പുത്രനുമാണ്, പിതാവുമാണ് എന്ന് സമർത്ഥിച്ചിരിക്കുകയാണ്. ഒരേ സമയത്ത് പിതാവും പുത്രനുമാകയാൽ (The Anthrophic Person) ഹൈപ്പോസ്റ്റാറ്റിക് യൂണിയൻ എന്ന് അതിനെ വിളിക്കാം.

**ബെത്‌ലഹേം**

"നീയോ ബെത്‌ലഹേം എഫ്രാത്തെ, നീ യഹൂദാ സഹസ്രങ്ങളിൽ ചെറുതായിരുന്നാലും യിസ്രായേലിന് അധിപതിയായിരിക്കേണ്ടുന്നവൻ എനിക്ക് നിന്നിൽ നിന്ന് ഉത്ഭവിച്ചു വരും; അവന്റെ ഉത്ഭവം പണ്ടേയുള്ളതും പുരാതനമായതും തന്നെ" (മിഖാ.5:2). പണ്ടേ, നിത്യതയിൽ, ത്രീത്വത്തിലുള്ളവനായ ക്രിസ്തു, മനുഷ്യപുത്രനും, ദൈവപുത്രനുമായവൻ ബെത്‌ലഹേമിൽ ജനിക്കുവാൻ പോകുന്നു. ഒരു മനുഷ്യശിശുവിന്റെ ആളത്വത്തോടെ ജനിക്കുക തന്നെ ചെയ്യും എന്ന് മിഖാപ്രവാചകൻ എഴുതിയിരിക്കുന്നു.

**എന്റെ കർത്താവ്**

"യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളം നീ എന്റെ വലതുഭാഗത്ത് ഇരിക്കുക" (സങ്കീ.110:1). ക്രിസ്തു ജഡപ്രകാരം ദാവീദിന്റെ പുത്രനും ദൈവീകമായി ദാവീദിന്റെ കർത്താവുമാണെന്നാണ് ഈ തിരുവെഴുത്തിന്റെ വ്യാഖ്യാനം.

**അവന്റെ മകന്റെ പേർ എന്ത്?**

"സ്വർഗ്ഗത്തിൽ കയറുകയും ഇറങ്ങുകയും ചെയ്തവൻ ആര്? കാറ്റിനെ തന്റെ മുഷ്ടിയിൽ പിടിച്ചടക്കിയവൻ ആര്? വെള്ളങ്ങളെ വസ്ത്രത്തിൽ കെട്ടിയവൻ ആര്? ഭൂമിയുടെ അറുതികളെ ഒക്കെയും നിയമിച്ചവൻ ആര്? അവന്റെ പേരെന്ത്? അവന്റെ മകന്റെ പേരെന്ത്? നിനക്കറിയാമോ" (സദൃശ.30:4). യഹോവയുടെ മകന്റെ പേര് ക്രിസ്തുവാണെന്നാണ് അഥവാ യേശു (മത്താ.1:21) എന്നാണെന്ന് നമുക്കറിയാം എന്നു പറയുമ്പോൾ യേശുവിന്റെ ആളത്വത്തെയത്രേ, അവിടെ പ്രധാനമായും ഉദ്ദേശിക്കുന്നത്; പിതാവിന്റെ ആളത്വത്തേയും.

**സ്വരൂപത്തിലും സാദൃശ്യത്തിലും**

"അനന്തരം ദൈവം : നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക: അവൻ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലും പറവജാതിയിന്മേലും മൃഗങ്ങളിൻമേലും സർവ്വഭൂമിയിൻമേലും, ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിൻമേലും വാഴട്ടെ എന്ന് കല്പിച്ചു" (ഉല്പ.1:26,27). ത്രീയേകദൈവം, ദൈവത്തിന്റെ സാദൃശ്യത്തിൽ മനുഷ്യനെ സൃഷ്ടിച്ചു എന്ന വചനത്തിൽ ആദാം മാത്രമല്ല ഉൾപ്പെട്ടിരിക്കുന്നത് നാമോരോരുത്തരും യേശുവും ദൈവസാദൃശ്യത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന്റെ ആളത്വം യഹോവയുടെ ആളത്വത്തോട് യോജിച്ചുനിൽക്കുന്നു.

**മനുഷ്യപുത്രൻ**

"രാത്രിദർശനങ്ങളിൽ മനുഷ്യപുത്രനോട് സദൃശ്യനായ ഒരുത്തൻ ആകാശമേഘങ്ങളോടെ വരുന്നത് കണ്ടു. അവൻ വയോധികന്റെ അടുക്കൽ ചെന്നു, അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി" (ദാനി.7:13). "സിംഹാസനങ്ങൾ തകർക്കപ്പെടുന്നതുവരെ ഞാൻ നോക്കിക്കൊണ്ടിരുന്നു. പുരാതനനായ




ഒരുവനിരുന്നു. അവന്റെ വസ്ത്രം ഹിമം പോലെ വെളുത്തതും അവന്റെ തലമുടി നിർമ്മലമായ ആട്ടുരോമംപോലെയും അവന്റെ സിംഹാസനം അഗ്നിജ്വാലയും അവന്റെ രഥചക്രങ്ങൾ കത്തുന്ന തീയുമായിരുന്നു. ഒരു അഗ്നിനദി അവന്റെ മുമ്പിൽ നിന്നും പുറപ്പെട്ട് ഒഴുകി; ആയിരമായിരം പേർ അവന് ശുശ്രൂഷ ചെയ്തു; പതിനായിരം പതിനായിരം പേർ അവന്റെ മുമ്പാകെ നിന്നു. ന്യായവിസ്താരസഭ ഇരുന്നു: പുസ്തകങ്ങൾ തുറന്നു: അപ്പോൾ കൊമ്പ് സംസാരിച്ച വലിയ വാക്കുകളുടെ ശബ്ദം നിമിത്തം ഞാൻ നോക്കി; അവർ മൃഗത്തെ കൊല്ലുകയും അതിന്റെ ഉടലിനെ നശിപ്പിച്ച് തീയിലിട്ട് ചുട്ടുകളയുകയും ചെയ്യുവോളം ഞാൻ നോക്കിക്കൊണ്ടിരുന്നു; ശേഷം മൃഗങ്ങളോ അവയുടെ ആധിപത്യത്തിന് നീക്കം ഭവിച്ചു. എന്നിട്ടും അവയുടെ ആയുസ്സ് ഒരു സമയത്തേക്കും കാലത്തേക്കും നീണ്ടുനിന്നു. രാത്രി ദർശനങ്ങളിൽ മനുഷ്യപുത്രനോട് സദൃശ്യനായ ഒരുത്തൻ ആകശമേഘങ്ങളോടെ വരുന്നത് കണ്ടു. അവൻ പുരാതനനായവന്റെ അുക്കൽ ചെന്നു. അവർ അവനെ അവന്റെ മുമ്പിൽ അടുത്തുവരുമാറാക്കി. സകല വംശങ്ങളും ജാതികളും ഭാഷക്കാരും അവനെ സേവിക്കേണ്ടതിന് അവന് ആധിപത്യവും മഹത്വവും രാജത്വവും ലഭിച്ചു. അവന്റെ ആധിപത്യം നീങ്ങിപോകാത്ത നിത്യാധിപത്യവും അവന്റെ രാജത്വം നശിച്ചുപോകാത്തതുമാകുന്നു'' (ദാനി.7:9-14). ദാനിയേലിന്റെ ഈ ദർശനത്തിൽ എല്ലാ സിംഹാസനങ്ങളെയും തകർക്കുന്ന ഒരു കല്ലായി രാജാധിരാജാവായ യേശുക്രിസ്തുവിനെ ചിത്രീകരിച്ചിരിക്കുന്നു. പുരാതനനായവൻ എന്നത് പിതാവിന് യോജിച്ച വിശേഷണമാണ്. ''അവന്റെ തലയും തലമുടിയും വെളുത്ത പഞ്ഞിപോലെ ഹിമത്തോളം വെള്ളയും കണ്ണ് ജ്വാലയ്ക്ക് ഒത്തതും കാൽ ഉലയിൽ ചുട്ടുപഴുപ്പിച്ച വെള്ളോട്ടിന് സദൃശവും അവന്റെ ശബ്ദം പെരുവെള്ളത്തിൻ ഇരച്ചിൽ പോലെയും ആയിരുന്നു'' (വെളി.1:40) എന്നിടത്ത് യേശുവിനെപ്പറ്റിയത്രേ പറഞ്ഞിരിക്കുന്നത്, പുരാതനനായവൻ എന്ന അർത്ഥത്തിൽ. പിന്നീട് ആകാശമേഘങ്ങളോടെ വന്നിരിക്കുന്ന ക്രിസ്തുവിനെ (രണ്ടാംവരവ്) തന്നെയാണ് ദാനിയേൽ വർണ്ണിക്കുന്നത്. ഏറ്റവുമൊടുവിൽ അന്തിമന്യായവിധിയും പ്രപഞ്ചഭരണവും പിതാവ് പുത്രനെ ഏല്പിക്കുകയാണ്.

**ക്രിസ്തുവിന്റെ മനുഷ്യത്വത്തിന്റെ തെളിവുകൾ**

**അവളുടെ സന്തതി**

"ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും'' (ഉല്പ.3:15). സ്ത്രീയുടെ സന്തതി ക്രിസ്തുവാണ്. സ്ത്രീക്ക് പുരുഷന്റെ സഹകരണമില്ലാത്ത സന്തതിയായതുകൊണ്ടാണ് സ്ത്രീയുടെ സന്തതി എന്നു പറഞ്ഞത്. ദൈവവചനമാണ് സ്ത്രീയിൽ സന്തത്യുല്പാദനം നടത്തിയത്. വചനം പൂർണ്ണമായതുകൊണ്ട് സ്ത്രീയിൽ ജനിക്കുക എന്ന പ്രവചനം നിർവ്വഹിക്കപ്പെടുകമാത്രമാണ് ചെയ്തത്. പുരുഷബീജത്താലാണ് ജന്മമെങ്കിൽ സ്ത്രീയുടെ അണ്ഡവും വേണ്ടിവരുമായിരുന്നു. ഇവിടെ ദൈവവചനത്താലാകയാൽ അണ്ഡവും വേണ്ടിവന്നില്ല. യേശു കാൽവരിക്രൂശിൽ മരിച്ചതിനാലാണ് സാത്താന്റെ ശക്തി തകർന്നത്. സാത്താന്റെയും മരണത്തിന്റെയും ശക്തി തകർന്നതിനാലാണ് ക്രിസ്തു ഉയിർത്തെഴുന്നേറ്റതും. 'അവൻ നിന്റെ തല തകർക്കും' എന്ന് പ്രവചിച്ചതും. ''എന്നാൽ കാലസമ്പൂർണ്ണത വന്നപ്പോൾ ദൈവം തന്റെ പുത്രനെ സ്ത്രീയിൽ നിന്ന് ജനിച്ചവനായി, ന്യായപ്രമാണത്തിൻ കീഴിൽ ജനിച്ചവനായി നിയോഗിച്ചയച്ചത്, അവൻ ന്യായപ്രമാണത്തിൻ കീഴുള്ളവരെയും വിലയ്ക്ക് വാങ്ങിയിട്ട് നാം പുത്രത്വം പ്രാപിക്കേണ്ടതിന് തന്നേ" (ഗലാ.4:4,5). ക്രിസ്തുവിന്റെ കന്യകാജനനത്തിന്റെ തെളിവും ഈ വാകൃത്തിൽ നാം കാണുന്നു. "യേശുക്രിസ്തുവിന്റെ ജനനം, ഇവ്വണ്ണം ആയിരുന്നു. അവന്റെ അമ്മയായ മറിയ യോസേഫിന് വിവാഹം




നിശ്ചയിക്കപ്പെട്ടതിന് ശേഷം, അവർ കൂടിവരുംമുമ്പേ, പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി എന്നു കണ്ടു. അവളുടെ ഭർത്താവായ യോസേഫ് നീതിമാനാക കൊണ്ടും അവൾക്ക് ലോകാപവാദം വരുത്തുവാൻ മനസ്സില്ലായ്കകൊണ്ടും അവളെ ഗൂഢമായി ഉപേക്ഷിക്കുവാൻ ഭാവിച്ചു. ഇങ്ങനെ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന് സ്വപ്നത്തിൽ പ്രത്യക്ഷനായി. ദീവീദിന്റെ മകനായ ജോസഫ്, നിന്റെ ഭാര്യയായ മറിയയെ ചേർത്തുകൊള്ളുവാൻ ശങ്കിക്കേണ്ടാ, അവളിൽ ഉല്പാദിതമായത് പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുവാനിരിക്ക കൊണ്ട് നീ അവന് യേശു എന്നു പേരിടണം എന്നു പറഞ്ഞു. കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും, അവന് ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്ന് പേര് വിളിക്കും'' (മത്താ.1:18-22). ഈ വചനങ്ങളും ക്രിസ്തുവിന്റെ മനുഷ്യത്വത്തോടുകൂടിയ ജന്മത്തിന് യോജിച്ച ഉദാഹരണമാണ്.

''യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നുവന്നു"വെന്ന് ലൂക്കോ.2:52-ൽ പറഞ്ഞിരിക്കുന്നതിൽ നിന്നും ആ പൈതലിന്റെ വളർച്ച സ്വാഭാവികമായിരുന്നു എന്ന് നാം തിരിച്ചറിയുന്നു. ''കാണാതിരുന്നിട്ട് അവനെ അന്വേഷിച്ചുകൊണ്ട് യെരുശലേമിലേക്ക് മടങ്ങിപ്പോയി. മൂന്നു നാൾ കഴിഞ്ഞശേഷം, അവൻ ദേവാലയത്തിൽ ഉപദേഷ്ടാക്കന്മാരുടെ നടുവിൽ ഇരിക്കുന്നതും അവരുടെ ഉപദേശം കേൾക്കയും അവരോട് ചോദിക്കയും ചെയ്യുന്നതു കണ്ടു. അവന്റെ വാക്കുകേട്ടവർക്ക് എല്ലാവർക്കും അവന്റെ വിവേകത്തിലും ഉത്തരങ്ങളിലും വിസ്മയം തോന്നി'' (ലൂക്കോ.2:45-47). ''യേശു ആത്മാവിന്റെ ശക്തിയോടെ ഗലീലയ്ക്ക് മടങ്ങിച്ചെന്നു; അവന്റെ ശ്രുതി ചുറ്റുമുള്ള നാട്ടിലൊക്കെയും പരന്നു. അവൻ അവരുടെ പള്ളിയിൽ ഉപദേശിച്ചു; എല്ലാവരും അവനെ പ്രശംസിച്ചു" (ലൂക്കോ.4:14).

മനുഷ്യർ ജഡരക്തങ്ങളോട് കൂടിയവരാണ്. അവർക്ക് കാലികവും സമുചിതവുമായ വിദ്യാഭ്യാസവും ആരോഗ്യത്തോടുകൂടിയ വളർച്ചയുമൊക്കെ അത്യാവശ്യമാണ്. എബ്രായലേഖനം 2-ൽ 14,15 വാക്യങ്ങളിൽ "മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആകകൊണ്ട് അവനും അവരേ പ്പോലെ, ജഡരക്തങ്ങളോട് കൂടിയവനായി, മരണത്തിന്റെ അധികാരിയായ പിശാചിനെ തന്റെ മരണത്താൽ നീക്കി ജീവപര്യന്തം മരണഭീതിയാൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു." എബ്രാ.10:5 "ആകയാൽ ലോകത്തിൽ വരുമ്പോൾ, ഹനനയാഗവും വഴിപാടും നീ ഇച്ഛിച്ചില്ല; എന്നാൽ ഒരു ശരീരം നീ എനിക്കൊരുക്കി യിരിക്കുന്നു'' എന്ന ഭാഗം വായിക്കുമ്പോൾ ശരീരത്തോടെയുള്ള ആളത്വത്തെപ്പറ്റി കുറേക്കൂടി സ്പഷ്ടത കൈവരികയാണ്. ലൂക്കോ.24:39 കൂടി എഴുതാം. "ഞാൻ തന്നെ ആകുന്നു എന്ന് എന്റെ കൈയും കാലും നോക്കി അറിയുവിൻ, എന്നെ തൊട്ടുനോക്കുവിൻ; എന്നിൽ കാണുന്നതുപോലെ ഭൂതത്തിന് മാംസവും അസ്ഥിയും ഇല്ലല്ലോ, എന്നു പറഞ്ഞു. ഇങ്ങനെ പറഞ്ഞിട്ട് അവൻ കൈയും കാലും അവരെ കാണിച്ചു" എന്ന തിരുവചനത്തോടുകൂടി നമുക്ക് ക്രിസ്തുവിന്റെ ആളത്വം എന്നത് കൂടുതൽ സ്പഷ്ടമാവുകയാണ്. മത്താ.26:12-ൽ ''അവൾ ഈ തൈലം എന്റെ ദേഹത്തിൻമേൽ ഒഴിച്ചത് എന്റെ ശവസംസ്ക്കാരത്തിനായി ചെയ്തതാകുന്നു'' എന്ന അനുഭവസാക്ഷ്യവും യേശുവിന്റേത് തന്നെയാണ്.

**ക്രിസ്തുവിന് വിശന്നു, ദാഹിച്ചു**

"പിന്നെ കടലിൽ വലിയ ഓളം ഉണ്ടായിട്ട് പടകു തിരകളാൽ മുങ്ങുമാറായി. അവനോ ഉറങ്ങുകയായിരുന്നു. അവർ അടുത്തുചെന്ന് : കർത്താവേ, രക്ഷിക്കേണമേ, ഞങ്ങൾ നശിച്ചുപോകുന്നു, എന്ന് പറഞ്ഞ് അവനെ ഉണർത്തി" (മത്താ.8:24,25). ക്രിസ്തുവിന് വിശന്ന കാര്യം എഴുതാം. മത്താ.4:2-ൽ "അവൻ നാല്പത് രാവും നാല്പത്




പകലും ഉപവസിച്ചശേഷം അവന് വിശന്നു." ക്രിസ്തുവിന് ദാഹിച്ച കാര്യം കുറിയ്ക്കാം. "അതിന്റെ ശേഷം സകലവും തികഞ്ഞിരിക്കുന്നു എന്ന് യേശു അറിഞ്ഞിട്ട് തിരുവെഴുത്ത് നിവൃത്തിയാകുംവണ്ണം എനിക്ക് ദാഹിക്കുന്നു എന്നു പറഞ്ഞു'' (യോഹ.19:28). ഇവിടെ നിവൃത്തിയായ തിരുവെഴുത്തുകൾ സങ്കീർത്തനങ്ങൾ 22:15–ഉം 69:21–ഉം ആണ്. സങ്കീ.22:15 "എന്റെ ശക്തി ഓട്ടുകഷണം പോലെ ഉണങ്ങിയിരിക്കുന്നു; എന്റെ നാവ് അണ്ണാക്കിനോട് പറ്റിയിരിക്കുന്നു." അവർ എനിക്ക് തിന്നുവാൻ കയ്പു തന്നു. എന്റെ ദാഹത്തിന് അവർ എനിക്ക് ചൊറുക്ക കുടിപ്പാൻ തന്നു" (സങ്കീ.69:21).

## ക്രിസ്തുവിന്റെ നാമങ്ങൾ

### യേശു (യഹോശുവ)

"അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിക്കുവാനിരിക്കുകകൊണ്ട് നീ അവന് യേശു എന്ന് പേരിടണം എന്നു പറഞ്ഞു" (മത്താ.1:21). യഹോവയാണ് എന്നാണ് യേശു എന്ന പദത്തിന്റെ അർത്ഥം തന്നെ. 6 മനുഷ്യന്റെ സംഖ്യയും 7 ദൈവത്തിന്റെ സംഖ്യയുമാണ്. യേശു എന്ന മലയാളപദത്തിന്റെ ഗ്രീക്കുപദത്തിന് 6 അക്ഷരങ്ങളും ക്രിസ്തു എന്ന മലയാളപദത്തിന്റെ ഗ്രീക്കുപദത്തിന് 7 അക്ഷരങ്ങളും ഉണ്ട്. അപ്പൊ.പ്ര.2:36–"ആകയാൽ നിങ്ങൾ ക്രൂശിച്ച ഈ യേശുവിനെത്തന്നേ, ദൈവം കർത്താവും ക്രിസ്തുവുമാക്കിവെച്ചു എന്ന് യിസ്രയേൽ ഗൃഹമൊക്കെയും നിശ്ചയമായും അറിഞ്ഞുകൊള്ളട്ടെ." യേശുവിനെ എന്നത് മാനുഷികനാമവും ക്രിസ്തുവിനെ എന്നത് ദൈവീകനാമവും ആണ്. മനുഷ്യപുത്രൻ, ദൈവപുത്രൻ, അബ്രഹാമിന്റെ പുത്രൻ, ദാവീദ്പുത്രൻ, നസറായൻ, തച്ചൻ, മനുഷ്യൻ, പ്രവാചകൻ, ദാസൻ, സ്ത്രീയുടെ സന്തതി, എന്റെ ദാസനായുമുള്ള (സെഖ.3:8) എന്നെല്ലാം യേശുവിന് സന്ദർഭമനുസരിച്ച് വിവിധ നാമങ്ങൾ നല്കപ്പെട്ടിട്ടുണ്ട്.

## ക്രിസ്തുവിന്റെ ജഡധാരണം – മഹാത്ഭുതം!

ബൈബിളിൽ 7 മഹാത്ഭുതങ്ങൾ പറഞ്ഞ് വെച്ചിട്ടുണ്ട്. 1. മാലാഖമാരുടെ സൃഷ്ടി. 2. ഭൗതികപ്രപഞ്ചത്തിന്റെ സൃഷ്ടിയും ഒടുവിൽ മനുഷ്യന്റെ സൃഷ്ടിയും. 3. ദൈവപുത്രന്റെ ജഡധാരണം. 4. ക്രിസ്തുവിന്റെ മരണം. 5. ക്രിസ്തുവിന്റ പുനരുത്ഥാനം. 6. ക്രിസ്തുവിന്റ വീണ്ടും വരവ്. 7. പുതിയ ആകാശത്തിന്റെയും പുതിയ ഭൂമിയുടെയും സൃഷ്ടി. ഭാവികാല നിത്യത മുഴുവൻ മനുഷ്യത്വത്തിന്റെ പങ്കാളിയായിരിക്കേണ്ടതിന് പൂർണ്ണ മനുഷ്യത്വത്തോടുകൂടിയ (മാനുഷിക ബലഹീനതകളും പാപങ്ങളും പാപ – അശുദ്ധ ചിന്തകളൊന്നും ഇല്ലാതെ) മനുഷ്യശരീരം യേശുവിന് നല്കപ്പെടുകയോ എടുക്കപ്പെടുകയോ ആയിരുന്നു. സ്വന്തം മഹത്വത്തിലേക്ക് തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട, യഥാർത്ഥ വിശ്വാസിയായ, മനുഷ്യനെ ഉയർത്തുന്നതിനു വേണ്ടിയായിരുന്നു യഹോവയായ യേശു ദൈവപുത്രനും, മനുഷ്യപുത്രനുമായി ജഡം ധരിച്ചത്. സ്വർഗ്ഗത്തിലിരുന്നുകൊണ്ട് മാനവനെ സ്നേഹിച്ച് രക്ഷിക്കുന്നതിനേക്കാൾ എത്രയധികം സമ്യക്കായിരിക്കും മാനവനായി താണിറങ്ങി, തന്നെത്താൻ (സ്വയം) താഴ്ത്തി അവരെ രക്ഷയുടെ അനുഭവത്തിലേക്കും, നിത്യതയിലേക്കും എത്തിക്കുക എന്നത്. അവൻ ജഡത്തിൽ വെളിപ്പെട്ടു; ആത്മാവിൽ നീതീകരിക്കപ്പെട്ടു; ദൂതന്മാർക്ക് പ്രത്യക്ഷനായി; ജാതികളുടെ ഇടയിൽ പ്രസംഗിക്കപ്പെട്ടു; ലോകത്തിൽ വിശ്വസിക്കപ്പെട്ടു; തേജസ്സിൽ എടുക്കപ്പെട്ടു" (1 തിമൊ.3:16). യോഹ.1:14–ൽ പറയുന്നത് "വചനം ജഡമായിത്തീർന്നു. കൃപയും സത്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ പാർത്തു." ഈ വചനം കൂടെക്കൂടെ നാം വായിച്ചും പഠിച്ചും ഹൃദയത്തിൽ സൂക്ഷിച്ചില്ലെങ്കിൽ, വചനമാണ് ജഡം ധരിച്ചതെന്ന്, മറന്നേക്കാം. വചനമാണ് ജഡം ധരിച്ചതെന്ന് മറന്നാൽ, ക്രൂശിതമരണത്തിന്റെ അതിഭയങ്കരമായ രംഗങ്ങളെ വിശദീകരിക്കുന്നിടത്ത് (22–ാം സങ്കീർത്തനവും യെശയ്യാവ് 53–ഉം ഒക്കെ) മാനുഷികമായ സഹതാപമായിരിക്കാം നമ്മിൽ ഉണ്ടാവുക. വചനം ജഡം ധരിച്ചതല്ലായിരുന്നുവെങ്കിൽ, നമ്മുടെ




ഓരോരൊ പാപങ്ങൾക്കും ശിക്ഷയേൽക്കുന്നതിന് മുമ്പേ, യേശു മരണപ്പെടുമായിരുന്നു വിശ്വസിക്കുവാൻ തയ്യാറാകുന്ന മുഴുവൻ മാനവകോടികളുടെയും സമസ്ത പാപങ്ങൾക്കും പരിഹാരം ചെയ്തുതീരുവോളം മരിക്കാതിരിക്കുകയും, പരിഹാരം ചെയ്തു തീർന്നപ്പോൾ മരിക്കുകയും ചെയ്തു എന്ന് അനുമാനിക്കാം. 1 പത്രോ.3:18-ൽ നാം വായിക്കുന്നത് : "ക്രിസ്തുവും നമ്മേ ദൈവത്തോടടുപ്പിക്കുന്നതിന് നീതിമാനായി നീതികെട്ടവന് വേണ്ടി പാപം നിമിത്തം ഒരിക്കൽ കഷ്ടം അനുഭവിച്ചു, ജഡത്തിൽ മരണശിക്ഷയേൽക്കുകയും, ആത്മാവിൽ ജീവിപ്പിക്ക പ്പെടുകയും ചെയ്തു" എന്നാണ്. ജഡാധാരണ ലക്ഷ്യങ്ങളിൽ സുപ്രധാനം മരണശിക്ഷ ജഡത്തിൽ ഏല്ക്കുക എന്നത് തന്നെയായിരുന്നു. അതിന്റെയൊക്കെ ഫലമോ? ആത്മാവിൽ ജീവിപ്പിക്കപ്പെടുക എന്നതു തന്നെ.

**ശത്രുത്വം ജഡത്താൽ നീക്കുക**

"അവൻ നമ്മുടെ സമാധാനം; അവൻ ഇരുപക്ഷത്തെയും ഒന്നാക്കി, ചട്ടങ്ങളും കല്പനകളുമായ ന്യായപ്രമാണം എന്ന ശത്രുത്വം തന്റെ ജഡത്താൽ നീക്കി, വേർപാടിന്റെ നടുച്ചുവർ ഇടിച്ച് കളഞ്ഞത്, സമാധാനം ഉണ്ടാക്കിക്കൊണ്ട്, ഇരുപക്ഷത്തെയും, തന്നിൽ ഒരേ പുതുമനുഷ്യനാക്കി സൃഷ്ടിക്കുവാനും, ക്രൂശിന്മേൽ ശത്രുത്വം ഇല്ലാതാക്കി, അതിനാൽ ഇരുപക്ഷത്തെയും ഏകശരീരത്തിൽ ദൈവത്തോട് നിരപ്പിപ്പാനും തന്നെ" (എഫേ.2:14,15,16). മോശയും പഴയനിമയ എഴുത്തുകാരും ഉയർത്തിപ്പിടിക്കുന്ന കല്പനകൾ ഒരു വശത്ത്, മറുവശത്ത് യേശുക്രിസ്തു ആവിഷ്ക്കരിക്കുന്ന, പാപവിമോചനവും നിത്യതയും സൗജന്യമായി കൊടുക്കുന്ന ബംബർ - ഓഫർ. ഇവ തമ്മിലുള്ള പൊരുത്തക്കേട് മാറ്റിയത് ക്രിസ്തുവിന്റെ ജഡത്തിലായിരുന്നു, അഥവാ ക്രൂശുമരണം മൂലമായി രുന്നു എന്നു പറയുമ്പോൾ ജഡാധാരണത്തിന്റെ പ്രാധാന്യം നമുക്കൂഹിക്കാം. ക്രിസ്തു ജഡം ധരിക്കാതിരുന്നുവെങ്കിൽ ന്യായപ്രമാണസിദ്ധാന്തവും "സ്നേഹപ്രമാണസിദ്ധാന്തവും" അഥവാ പഴയപുതിയനിയമങ്ങൾ തമ്മിലുള്ള അജഗജാന്തരം ആർക്കും മനസ്സിലാവുകയില്ലായിരുന്നു.

**ജഡാധാരണം - ആളത്വധാരണം - എന്ന താഴ്മ**

"അവൻ ദൈവരൂപത്തിലിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിച്ചിരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി തന്നെത്താൻ ഒഴിച്ച് വേഷത്തിൽ മനുഷ്യനായി വിളങ്ങി; തന്നെത്താൻ താഴ്ത്തി മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു" (ഫിലി.2:6,7,8). പൂർണ്ണമനസ്സോടെ ക്രിസ്തു സ്വർഗ്ഗീയസമ്പന്നത വേണ്ടെന്ന് വെയ്ക്കുകയും, കഴിവുകേടും, ദാരിദ്ര്യവും, അനാരോഗ്യവും എല്ലാം ഉള്ള ഏറ്റവും ചെറിയവനായി സ്വയം താഴ്ത്തി എന്നാണ് ഇപ്പറഞ്ഞതിന്റെയൊക്കെ അർത്ഥം. "നമ്മുടെ കർത്താവായ യേശുക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്, നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊരി.8:9). മനുഷ്യശരീരം, സമസ്തദു:ഖങ്ങൾക്കും സമസ്ത പാപകാരണങ്ങൾക്കും ഇരിപ്പിടവുമാണ്. പരീക്ഷകൾക്കും, പരിമിതികൾക്കും, രോഗപാപ കാരണങ്ങൾക്കും ഒക്കെ ഇരിപ്പിടമാണ് മർത്യശരീരം. അത്തരമൊരു ശരീരമാണ് അവൻ സ്വീകരിച്ചത്. പക്ഷേ നീ എനിക്കൊരുക്കിയ ശരീര ഹനനയാഗത്തിന് പകരമുള്ള ക്രൂശിലെ പരമയാഗം അനുഷ്ഠിക്കാനുള്ള ഒരു ശരീരം, പുസ്തകചുരുളിൽ തന്നെക്കുറിച്ച് എഴുതിയിരിക്കുന്നതും ദൈവത്തിന്റെ ഇഷ്ടം മാത്രം ചെയ്യാൻ കഴിയുന്നതുമായ ഒരു ജഡം എന്ന ആളത്വത്തെ ക്രിസ്തു സ്വീകരിച്ചു (എബ്രാ.10:5,7 എന്നീ വചനങ്ങളുടെ പൊരുൾ). ലോകസ്ഥാപനത്തിനമുമ്പു മുതലേ തനിക്ക് പിതാവിന്റെ സമീപമുണ്ടായിരുന്ന മഹത്വം നമുക്കുവേണ്ടി വേണ്ടെന്ന്വെച്ച് യേശുക്രിസ്തു അടിമരൂപം എടുക്കുകയായിരുന്നു. കൊലോസ്യലേഖനം 2:9-ൽ പറയുന്നത് കാണുക. "അവനിലല്ലോ, ദൈവത്തിന്റെ

# Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്." ദൈവപിതാവിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി ക്രിസ്തുവിൽ വസിക്കുന്നു. അപ്പോൾ യഹോവ ദേഹം ധരിച്ചതാണ് ക്രിസ്തുവിന്റെ ആളത്വം എന്നത് മാത്രമാണ് വിവക്ഷ. ആ യഹോവയുടെ സ്വഭാവം ക്രിസ്തു വൽക്കരിച്ചപ്പോൾ അത് പുതിയനിയമമായി, പുതിയനിയമ സ്വഭാവമായി, സൗജന്യ പാപവിമോചനം ആയി, സൗജന്യ നിത്യതയുടെ സാധ്യതയായി, എല്ലാമെല്ലാമായി.

വചനമാംസധാരണമാണ് ക്രിസ്തുവിന്റെ ജഡധാരണത്തിന് ലഭിച്ചത്. അതും കന്യകാജനന ത്തിലൂടെയായിരുന്നു. വ്യക്തമായി പറഞ്ഞാൽ സ്ത്രീ പുരുഷസംയോഗമോ സ്ത്രീപുരുഷ ബീജാണ്ഡ സംയോഗമോ ഇല്ല. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും'' എന്ന് യെശ.7:14-ലും ''വചനം ജഡമായിത്തീർന്നു" എന്ന് യോഹ.1:14-ലും ചേർത്തു വായിക്കുന്നവർക്ക് യേശുവിന്റെ ജനനം സ്ത്രീയിൽ നിന്നായിരിക്കും എന്ന് ഉല്പ.3:15 മുതലുള്ള നിരവധി പ്രവചനപൂർത്തീകരണത്തിനും, സ്ത്രീയായിരുന്ന ഹവ്വാ പാപങ്ങൾക്ക് കാരണമായെങ്കിൽ, മറ്റൊരു സ്ത്രീയിലൂടെ ജനിച്ച യേശു മുഖാന്തരം പാപവിമോചനം എന്നതും ദൈവഹിതാനുസാരിയായി അഥവാ ദൈവവ്യവസ്ഥ യനുസരിച്ച് നടക്കാനിടയായി എന്നതും വചനങ്ങളുടെ പരംപൊരുൾ തന്നെയാണ്. ഈ സത്യത്തെ മനസ്സിലാക്കാ ത്തവരും മനസ്സിലായിട്ടും "അമ്മയില്ലാതെ മകനുണ്ടോ" എന്ന് ചോദിച്ചുകൊണ്ട് അമ്മയായ മറിയത്തിന് അതിബഹുമാനം കൊടുക്കുന്നതും മഹാപാപമാണ്. 1 യോഹ.4:2,3 വാക്യങ്ങൾ കുറിക്കാം. "ദൈവാത്മാവിനെ ഇതിനാൽ അറിയാം; യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരു ആത്മാവും ദൈവത്തിൽ നിന്നുള്ളതല്ല; അത് എതിർക്രിസ്തുവിന്റെ ആത്മാവുതന്നെ." സാത്താന്യ ബന്ധിതവും പ്രപഞ്ചനാശകോശങ്ങൾക്ക് കാരണ ക്കാരനായ അന്തിക്രിസ്തുവിന്റെ ഇപ്പോഴെ വ്യാപരിച്ചിരിക്കുന്ന ദുരാത്മാവിനാൽ പ്രേരിപ്പിക്കപ്പെട്ടാണ് മരിയഭക്തിയിൽ ജനം കുടുങ്ങിക്കിടക്കുന്നതും തെറ്റായ ആ ദൈവശാസ്ത്രത്തിൽ ലോകൈക ബിഷപ്പ്സംഘവും പൗരോഹിത്യസംഘവും, അവിടുന്നൊരിക്കലും വിട്ടുപോരാൻ കഴിയാതെ പാപന്ധകാരത്തിൽ കഴിയുന്നതും. ''ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ അതിരു കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ പിതാവും പുത്രനും ഉണ്ട്; ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ നിങ്ങളുടെ അടുക്കൽ വന്നു എങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്; അവന് കുശലം പറയുകയുമരുത്'' (2 യോഹ.9,10). നിത്യമായ ദൈവപ്രകൃതിയോടൊപ്പം യഥാർത്ഥ മനുഷ്യപ്രകൃതിയും കൂടെ ചേരുന്നതിനോ ചേർക്കുന്നതിനോ ദൈവത്തി നൊരിക്കലും ബുദ്ധിമുട്ടില്ലല്ലോ. ഹിന്ദുപുരാണത്തിലും യവനപുരാണത്തിലുമൊക്കെ അർദ്ധ ദേവന്മാരും സഹദേവന്മാരുമൊക്കെയുണ്ട്. എന്നാൽ ബൈബിളിലും സത്യത്തിലും അങ്ങനെയൊന്നില്ല. ക്രിസ്തുവാകട്ടെ ദൈവീകത്രീത്വത്തിലെ രണ്ടാമത്തെ ആളത്വമായ പൂർണ്ണദൈവമാണ്. നേരത്തെ എഴുതിയതുപോലെ ക്രിസ്തുവിൽ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപത്തിൽ വസിക്കുന്നു (കൊലോ.2:9).

## ജഡധാരണംമൂലം പുത്രന്റെ ദൈവീകസ്വഭാവം മാറിയോ?

''പാപം അറിയാത്തവനെ, നാം അവനിൽ ദൈവത്തിന്റെ നീതിയാകേണ്ടതിനു അവൻ നമുക്കുവേണ്ടി പാപം ആക്കി'' (2 കൊരി.5:21) എന്ന വചനം വ്യക്തമാക്കുന്നത് ക്രിസ്തുവിന്റെ ദൈവീകസ്വഭാവമായ സമ്പൂർണ്ണ വിശുദ്ധി മനുഷ്യനായതുകൊണ്ട് മാറിയില്ല എന്നാണ്. "അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചനയൊന്നും ഉണ്ടായിരുന്നില്ല" (1 പത്രോ.2:22). അതേ, ജഡധാരണം ഉണ്ടായി ക്രിസ്തുവിനെന്ന് കരുതി മനസ്സാവാചാ കർമ്മണാ അതിൽ പാപം ഉണ്ടായിട്ടില്ല. "നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീന




തകളിൽ സഹതാപം കാണിക്കാൻ കഴിയാത്തവനല്ല, പാപമൊഴികെ സർവ്വത്തിലും നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്" (ഹെബ്രാ.4:15). പാപം ഒഴികെ എന്ന് ഇവിടെയും പ്രത്യേകം പറഞ്ഞിരിക്കുന്നു. ''നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച ബോധം വരുത്തുന്നു? (യോഹ.8:46). യേശുവിൽ പാപമില്ല എന്ന് യേശുതന്നെ പറയുന്നത് കണ്ടോ? ''എന്റെ കുഞ്ഞുങ്ങളെ, നിങ്ങൾ പാപം ചെയ്യാതിരിക്കുവാൻ ഞാൻ ഇത് നിങ്ങൾക്കെഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലോ, നീതിമാനായ യേശുക്രിസ്തു എന്ന കാര്യസ്ഥൻ നമുക്ക് പിതാവിന്റെ അടുക്കൽ ഉണ്ട്" (1 യോഹ.2:1). നീതിമാനായ എന്ന് ഇവിടെ എടുത്തുപറഞ്ഞിരിക്കുന്നു. "അവൻ നമ്മുടെ പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നു; നമ്മുടേതിന് മാത്രമല്ല, സർവ്വലോകത്തിന്റെ പാപത്തിനും തന്നെ" (1 യോഹ.2:2). സർവ്വലോകത്തിന്റെയും പാപത്തിന് പരിഹാരമായവനായ യേശു ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ഈ താണ ലോകത്തിലേക്ക് വന്നു എങ്കിലും അവനിൽ അശേഷം പാപമില്ലായിരുന്നു.

ദൈവമാണേശു എന്ന കാരണത്താൽ യാതൊരുവിധ പരീക്ഷകൾക്കും വിധേയനാകുവാൻ കഴിയുകയുമില്ല എന്നാൽ മനുഷ്യനാകകൊണ്ട് പരീക്ഷക്ക് വിധേയപ്പെടാതെ ഇരിക്കുവാനും കഴിയുകയില്ല, എന്നാൽ എല്ലാ പരീക്ഷകളെയും അവൻ പരാജയപ്പെടുത്തുക തന്നെ ചെയ്തു. എബ്രാ.2:18-ൽ പറയുന്നു "താൻ തന്നെ പരീക്ഷിതനായി കഷ്ടമനുഭവിച്ചിരിക്കയാൽ പരീക്ഷിക്കപ്പെടുന്നവർക്ക് സഹായിക്കുവാൻ കഴിവുള്ളവനാകുന്നു.'' അതേ നമ്മെ, നമ്മുടെ പരീക്ഷകളിൽ കർത്താവ് സഹായിക്കും.

## ക്രിസ്തുവിന്റ ജഡാവതാരലക്ഷ്യങ്ങൾ

"ദൈവത്തിന്റെ വാഗ്ദത്തങ്ങൾ എത്ര ഉണ്ടെങ്കിലും അവനിൽ ഉവ്വ് എന്നത്രേ; അതുകൊണ്ട് ഞങ്ങളാൽ, ദൈവത്തിന് മഹത്വം ഉണ്ടാകുമാറ് അവനിൽ ആമേൻ എന്നുമത്രേ'' (2 കൊരി.1:20). പഴയനിയമകാലത്തേപ്പോലെയല്ല സഭാകാലം. പഴയനിയമകാലത്ത് മോശെ വഴിയും അബ്രഹാംവഴിയും ഒക്കെയായിരുന്നു അനുഗ്രഹം. ഇക്കാലത്ത്, അങ്ങനെയല്ല. ക്രിസ്തു വഴിയാണ്. ദൈവത്തിന്റെ സകല അനുഗ്രഹങ്ങളും ക്രിസ്തു വഴിയാണ്. ക്രിസ്തുവിൽ ഉവ്വ് എന്നും ആമേൻ എന്നുമാണ് എന്നത്രേ 2 കൊരി.1:20-ൽ പറയുന്നത്. ക്രിസ്തു ജഡം ധരിച്ചത്, പിതാക്കന്മാർക്ക് ലഭിച്ച അനുഗ്രഹങ്ങളെ, ജാതികളിൽനിന്ന് സത്യത്തിലേക്ക് വന്ന നമുക്കേവർക്കും ക്രിസ്തുവഴി അനുഗ്രഹമാകുവാനാണ്.

പിതാക്കന്മാർക്ക് ലഭിച്ച വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന് ക്രിസ്തു ദൈവത്തിന്റെ സത്യം നിമിത്തം പരിച്ഛേദനക്ക് ശുശ്രൂഷക്കാരനായിത്തീർന്നു എന്നും ജാതികൾ ദൈവത്തെ, അവന്റെ കരുണ നിമിത്തം മഹത്വീകരിക്കണം എന്നും ഞാൻ പറയുന്നു. "അതുകൊണ്ട് ഞാൻ ജാതികളുടെയിടയിൽ നിന്നെ വാഴ്ത്തി നിന്റെ നാമത്തിന് സ്തുതി പാടും'' എന്നെഴുതിയിരിക്കുന്നുവല്ലോ. മറ്റൊരിടത്ത്: "ജാതികളേ, അവന്റെ ജനത്തോടൊന്നിച്ച് ആനന്ദിക്കുവിൻ" എന്നും പറയുന്നു. "സകല ജാതികളുമായുള്ളോരെ, കർത്താവിനെ സ്തുതിക്കുവിൻ, സകല വംശങ്ങളും അവനെ സ്തുതിക്കട്ടെ" എന്നും പറയുന്നു. "യിശ്ശായിയുടെ വേരും ജാതികളെ ഭരിക്കുവാൻ എഴുന്നേൽക്കുന്നവനുമായവൻ ഉണ്ടാകും; അവനിൽ ജാതികൾ പ്രത്യാശവയ്ക്കും" എന്ന് യെശയ്യാവ് പറയുന്നു (റോമ.15:8-12) (സങ്കീ.18:49) (ആവ.32:43) (സങ്കീ.117:1) (യെശ.11:10). അതായത് യഹൂദക്രിസ്ത്യാനികളോട് ജാതികളിൽ നിന്നും വരുന്നവരെ ചേർത്ത് ഒന്നാക്കിക്കൊണ്ടുപോകുന്ന തന്ത്രം എന്താണെന്ന് പൗലൊസപ്പൊസ്തലൻ പറയുകയാണിവിടെ. ജാതി തിരിച്ചുള്ള കാഴ്ചപ്പാടുകൾ പാടില്ലെന്നും, ക്രിസ്തു പാപികളായ നമ്മെ കരുതുന്നതുപോലെ, നാം അന്യോന്യം സ്നേഹത്തിൽ തന്നെ ആയിരിക്കണമെന്നും അപ്പൊസ്തലനായ പൗലൊസിലൂടെ പരിശുദ്ധാത്മാവ് പറഞ്ഞു വെയ്ക്കുകയായിരുന്നു. അവിടെയും ക്രിസ്തുവിന്റെ

## Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

ജഡാവതാരത്തിന്റെ മഹത്തായ ലക്ഷ്യങ്ങളിലൊന്നാണ് ജാതികളെ സത്യം അറിയിക്കുക എന്നത്.

ക്രിസ്തുവിന്റെ ജഡാവതാരത്തിന്റെ അടുത്ത ലക്ഷ്യം പാപികൾക്കുവേണ്ടി പ്രായശ്ചിത്തമായിത്തീരുക എന്നതാണ്. പഴയനിയമയാഗങ്ങളെല്ലാം ക്രിസ്തുവിന്റെ യാഗത്തിന്റെ നിഴലുകളായിരുന്നു. ഹോമയാഗവും, ഭോജനയാഗവും, സമാധാനയാഗവും, പാപയാഗവും (ലേവ്യാ പുസ്തകം 1 മുതൽ 4 വരെ അദ്ധ്യായങ്ങൾ) ഒക്കെയായിരുന്നു പഴയനിയമകാലയാഗങ്ങൾ. അകൃത്യ യാഗവും, കരപൂരണയാഗവും അതുകൂടാതെയും ഉണ്ടായിരുന്നു. ഈ യാഗങ്ങളെല്ലാം കാൽവരി യാഗത്തിന്റെ നിഴലുകളായിരുന്നു. 1 കൊരി.5:7 അത് വിളിച്ചു പറഞ്ഞു: ''നിങ്ങൾ പുളിപ്പില്ലാത്തവരായിരിപ്പാൻ തക്കവണ്ണം പുതിയ പിണ്ഡം ആകേണ്ടതിന് പഴയ പുളിമാവിനെ നീക്കിക്കളയുവിൻ. നമ്മുടെ പെസഹാകുഞ്ഞാടും അറുക്കപ്പെട്ടിരിക്കുന്നു; ക്രിസ്തു തന്നെ" (1 കൊരി.5:7). "ഞാൻ യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു. അവൻ എന്റെ വലതുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോവുകയില്ല. അതുകൊണ്ട് എന്റെ ഹൃദയം സന്തോഷിച്ച് എന്റെ മനസ്സ് ആനന്ദിക്കുന്നു. എന്റെ ജഡവും നിർഭയമായി വസിക്കും. നീ എന്റെ പ്രാണനെ പാതാളത്തിൽ വിടുകയില്ല. നിന്റെ പരിശുദ്ധനെ ദ്രവത്വം കാണുവാൻ സമ്മതിക്കുകയുമില്ല'' (സങ്കീ.16:8,9,10). ഇവിടെ സങ്കീർത്തകൻ ക്രിസ്തുവിന്റെ പെസഹായാഗത്തെ മുൻകൂട്ടി കാണുകയായിരുന്നു. ''എന്റെ അസ്ഥികളൊക്കെയും എനിക്ക് എണ്ണാം; അവർ എന്നെ ഉറ്റുനോക്കുന്നു. എന്റെ വസ്ത്രം അവർ പകുത്തെടുത്തു. എന്റെ അങ്കിക്കായി അവർ ചീട്ടിടുന്നു" (സങ്കീ.22:17,18). ഇവിടെയും ആ പരമയാഗം, ആ ജഡമരണയാഗം പ്രവചിക്കപ്പെടുകയായിരുന്നു. "ഞാൻ വിശ്വസിച്ചവനും എന്റെ അപ്പം തിന്നവനുമായ എന്റെ പ്രാണസ്നേഹിതൻ പോലും എന്റെ നേരെ കുതികാൽ ഉയർത്തിയിരിക്കുന്നു. ഞാൻ അവർക്ക് പകരം ചെയ്യേണ്ടതിന് യഹോവേ, കൃപ തോന്നി എന്നെ എഴുന്നേല്പിക്കണമെ. എന്റെ ശത്രു എന്നെ ചൊല്ലി ജയഘോഷം കൊള്ളാതിരിക്കുന്നതിനാൽ നിനക്കു എങ്കൽ പ്രസാദമായിരിക്കുന്നുവെന്ന് ഞാൻ അറിയുന്നു" (സങ്കീ.41:9,10,11). ആ ജഡയാഗം ചെയ്യപ്പെടും എന്നതിന്റെ പ്രവചനങ്ങൾ ആയിരുന്നു, ഈ വാക്യങ്ങളും.

### ദൈവത്തെ വെളിപ്പെടുത്താനായിരുന്നു ജഡധാരണം

"ഞാനും പിതാവും ഒന്നാകുന്നു" (യഹോവ 10:30) എന്നു പറഞ്ഞുകൊണ്ട് യേശു, പിതാവിനെ തന്നിലൂടെ നമുക്ക് വെളിപ്പെടുത്തിത്തരികയായിരുന്നു. ''യേശു അവനോട് പറഞ്ഞത്: ഞാൻ ഇത്രകാലം നിങ്ങളോട് കൂടെ






ഇരുന്നിട്ടും, നീ എന്നെ അറിയുന്നില്ലയോ, ഫിലിപ്പോസെ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം എന്നു നീ പറയുന്നതെങ്ങനെ? ഞാൻ പിതാവിലും പിതാവ് എന്നിലും ആകുന്നു എന്ന് നീ വിശ്വസിക്കുന്നില്ലയോ? ഞാൻ നിങ്ങളോട് പറയുന്ന വചനം സ്വയമായിട്ടല്ല, സംസാരിക്കുന്നത്, പിതാവ് എന്നിൽ വസിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുന്നു'' (യോഹ.14:9,10). ഈ വചനത്തിലൂടെയും യേശുവിൽ പിതാവ് വസിക്കുകയോ രണ്ടുപേരും ഒരാൾ തന്നെയോ എന്നു പറഞ്ഞ് വെളിപ്പെടുത്തിത്തരികയാണ്. ''ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു" (യോഹ.1:18). ദൈവത്തെ വെളിപ്പെടുത്താനാണ് യേശു ജഡധാരണം എടുത്തത്. "നിങ്ങൾ എന്നെ സ്നേഹിച്ചു. ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് വന്നിരിക്കുന്നു എന്ന് വിശ്വസിച്ചിരിക്കകൊണ്ട് പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു" (യോഹ.16:27).

**യഥാർത്ഥ മനുഷ്യനെ വെളിപ്പെടുത്താനായിരുന്നു ജഡധാരണം**

ആദാം സൃഷ്ടിക്കപ്പെട്ടത് മനുഷ്യത്വത്തിന്റെ പൂർണ്ണതയിലായിരുന്നു. എന്നാൽ അവൻ പാപം ചെയ്തതോടെ മനുഷ്യത്വത്തിന്റെ അപൂർണ്ണത മുഴുവൻ അവനിൽ നിഷിപ്തമായി. ആ സാഹചര്യത്തിൽ ക്രിസ്തു ഒടുക്കത്തെ ആദാമായി (1 കൊരി.15:45). ആദ്യത്തെ ആദാം പാപം ചെയ്തുകൊണ്ട് ദൈവത്തിന്റെ ഹിതത്തിനെതിരു നിന്നുവെങ്കിൽ ഒടുക്കത്തെ ആദാമായ ക്രിസ്തുവാകട്ടെ സ്നാനപ്പെട്ട് കരക്കുകയറിയപ്പോഴും, മറുരൂപമലയിൽവെച്ചും ഇവൻ എന്റെ പ്രിയപുത്രൻ എന്ന സർട്ടിഫിക്കറ്റ് വാങ്ങിയെടുക്കുകയായിരുന്നു. ദൈവഹിതം അനുസരിച്ച് പ്രവർത്തിക്കുകയാണ് മനുഷ്യന്റെ കടമ. ഒടുക്കത്തെ ആദാമായ ക്രിസ്തു വള്ളിപുള്ളി തെറ്റാതെ പിതാവിനെ അനുസരിച്ചു. ഇനി നമുക്കുള്ള കടമ സമ്പൂർണ്ണ മനുഷ്യനായ ക്രിസ്തുവിന്റ പാത പിന്തുടരുക എന്നതാണ്. നമ്മെ വിളിച്ചിരിക്കുന്നത്, അതിനായിട്ടാണ്. 1 പത്രൊ.2:21-ൽ ആ സത്യം രേഖപ്പെടുത്തിയിരിക്കുന്നു. ''അതിനായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നത്. ക്രിസ്തുവും നിങ്ങൾക്കുവേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവട് പിന്തുടരുവാൻ ഒരു മാതൃക വെച്ചിട്ട് പോയിരിക്കുന്നു."

**ദൈവത്തിനും മനുഷ്യർക്കും മദ്ധ്യേ ഏകമദ്ധ്യസ്ഥനാകാനാണ് ജഡധാരണം**

1 തിമോ.2:5 "ദൈവം ഒരുവനല്ലോ; ദൈവത്തിനും മനുഷ്യർക്കും മദ്ധ്യസ്ഥനും ഒരുവൻ". എല്ലാവർക്കും വേണ്ടി മറുവിലയായി തന്നെത്താൻ കൊടുത്ത മനുഷ്യനായ യേശുക്രിസ്തു തന്നെ. ഒരു എംഎൽഎ യോ പഞ്ചായത്ത്പ്രസിഡന്റോ മദ്ധ്യസ്ഥത വഹിക്കാൻ വന്നേക്കാം. മനുഷ്യജഡത്തിൽ വന്നാലല്ലേ ഇരുവരോടും സംസാരിച്ച് രമ്യപ്പെടുത്തുവാൻ കഴിയൂ. ദൈവം ആത്മാവായി മാത്രം പെരുമാറുന്നതിനു പകരം ശരീരത്തോടുകൂടി വന്നാലോ? യേശുക്രിസ്തു ജഡത്തോടുകൂടി വന്നതുകൊണ്ട് അശരീരിയായ ദൈവത്തോടും ശരീരിയായ മനുഷ്യനോടും സംവദിക്കുവാൻ കഴിയുന്നു. ഒരു കാര്യം പറയാൻ ദൈവത്തിന്റെ അടുക്കൽ നാം പോകുന്നതിനു പകരം ദൈവത്തോട് സമാനനായവൻ പോകുന്നതല്ലേ നല്ലത്. ദൈവപുത്രനായ, ഏകജാതനായ, യേശുവിന് അത് കഴിയും. പാപമൊഴികെ സകല കാര്യത്തിലും നമ്മോടൊത്തുള്ളവനായ മനുഷ്യപുത്രന് മനുഷ്യന് വേണ്ടി ദൈവത്തോട് വാദിക്കുവാനോ സംസാരിക്കുവാനോ കഴിയും. മറിയത്തിനോ, സെന്റ്ജോർജ്ജിനോ, മദർ തെരേസയ്ക്കോ, പരുമലതിരുമേനിക്കോ (ഇവരാരും ഉയിർത്തെഴുന്നേറ്റിട്ടില്ല. ഇവരിൽ സെന്റ് ജോർജ്ജ് ജനിച്ചിട്ടുപോലുമില്ല. ജനിച്ചു എന്നതിന് ചരിത്രരേഖകൾ ഒന്നും തന്നെയില്ല) ആർക്കും ദൈവപുത്രനൊപ്പം ദൈവത്തിൽ സ്വാധീനം

ശേഷം 22-ാം പേജിൽ

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ: സജി മാന്താറ്റിൽ**
Ph:9447370460
**തലയോലപ്പറമ്പ്**
പഴയകടവിൽ ബിൽഡിംഗ്
ഞായർ: 10 am- 1 pm (ആരാധന)



**പാ: ആന്റണി.പി.ആർ**
Ph:9388689735
**ചേർത്തല**
സെന്റ് ആന്റണീസ് ബിൽഡിംഗ്, മനോരമ ജംഗ്ഷൻ, നോർത്ത് വയലാർ റോഡ്
ഞായർ: 10.00 am- 1pm (ആരാധന)



**പാ.സി.വി.ഏലിയാസ്**
Ph:9495272708
**പിറവം**
അറ്റ്ലാന്റിക് ബിൽഡിംഗ്
മൈത്രി മാർക്കറ്റിനടുത്ത്
കരോട്ടക്കുരിശ്
ഞായർ:10.00 am- 1.00 pm(ആരാധന)

**പെരുവ**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം, കുന്നപ്പള്ളി
ഞായർ: 2.00 pm- 5.00 pm (ആരാധന) Ph:9495272708

## കോട്ടയം ജില്ല



**പാ:ടോമിച്ചൻ വട്ടപ്പാറയിൽ**
Ph:9744655214
**കോട്ടയം** I M A ഹാൾ
ഡി.സി. ബുക്സിനു സമീപം
ലോഗോസ് ജംഗ്ഷൻ
ഞായർ: 9 am - 1 pm (ആരാധന)

ബുധൻ 9 pm to 4 am നൈറ്റ് വിജിൽ (പുരുഷൻമാർ)
**പാലാ** വ്യാപാര ഭവൻ
ഞായർ: 2.00 pm - 5.00 pm (ആരാധന)
**വയല** വെള്ളി: 7.00 pm - 9.00 pm ഭവന കൂട്ടായ്മ
**മെഡിക്കൽ കോളേജ്**
കോട്ടയം മെഡിക്കൽ കോളേജിനടുത്ത് യൂണിറ്റി ബിൽഡിംഗ്, ഒന്നാംനില,
ചൊവ്വാ 10 am to 1pm (ഉപവാസ പ്രാർത്ഥന)
വെള്ളി 10 am to 1pm (ഉപവാസ പ്രാർത്ഥന)
**വാഴൂർ** ബുധൻ 10 am to 1 pm
വ്യാഴം 6 pm to 10 pm (പുരുഷൻമാർ)
**പാലാ** ടോംസ് ഓഡിറ്റോറിയം
വെള്ളി 2 pm to 5 pm (ബൈബിൾ ക്ലാസ്)
**മണർകാട്** ശനി 6 pm 9 pm (കൂട്ടായ്മ)
ബുധൻ 6 pm to 8 pm



**പാ:ടോണി സിറിയക്**
Ph:9388608345, 9400502442
**മുണ്ടക്കയം**
അത്യാലിൽ പ്ലാസ, മൂന്നാം നില



പാ:രാജു ഐസക്
9744756060

ഞായർ: 9.30 am to 2 pm (ആരാധന)
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**വിമ്പിള്ളി** (ഭവന കൂട്ടായ്മ) ബുധൻ: 10 am-1 pm
**പനക്കച്ചിറ** (ഭവന കൂട്ടായ്മ) ബുധൻ: 2 pm - 5 pm



**പാ:അപ്പച്ചൻ**
ph: 9400259087
**എരുമേലി**
റോട്ടറി ക്ലബ്ബ്
ഞായർ: 10 am to 1 pm (ആരാധന)



**പാ. മാനുവൽ അള്ളുംപുറത്ത്**
Mob: 9495723836
**ഈരാറ്റുപേട്ട**
പഴയപറമ്പിൽ റസിഡൻസി കോൺഫ്രൻസ് ഹാൾ
K.S.R.T.C ബസ് സ്റ്റാൻഡിന് സമീപം (കാഞ്ഞിരപ്പള്ളി റൂട്ട് തെക്കേക്കര)
ഞായർ: 10 am to 1 pm (ആരാധന)

ചൊവ്വ, വ്യാഴം ദിവസങ്ങളിൽ പുരുഷകൂട്ടായ്മ 6 pm to 8 pm
ചർച്ച് ഹാളിനു സമീപമുള്ള പാസ്റ്ററുടെ ഭവനത്തിൽ
ബുധൻ, ശനി ഭവനകൂട്ടായ്മ 11 am to 2 am



**പാ. സിബിച്ചൻ മലയിക്കൽ**
Mob: 9947260420
**ഏറ്റുമാനൂർ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, (K.S.R.T.C ബസ്സ്സ്റ്റാന്റിനു സമീപം)
ഞായർ: 9am to 1 pm (ആരാധന)
ബുധൻ 10.00 am - 3.00 pm (ഉപവാസ പ്രാർത്ഥന)
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, (K.S.R.T.C ബസ്സ്സ്റ്റാന്റിനു സമീപം)
**കുറുപ്പുംതറ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, S.H.കോളേജ് (ജറീക്കോ പ്രാർത്ഥനാലയത്തിനടുത്ത്)
ഞായർ: 3.00 pm to 6.00 pm (ആരാധന)
**പട്ടിത്താനം കവല**
ഞായർ: 6.00 pm to 9.00 pm (ആരാധന)
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
**നീണ്ടൂർ** (മാഞ്ഞൂർ) മാന്താറ്റിൽ സജി ഭവനം
വ്യാഴം 5.00 pm to 8.00 pm (പ്രാർത്ഥന)
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്, മാർക്കറ്റ് ജംഗ്ഷൻ
വെള്ളി 10 am to 1.00 pm (ഉപവാസപ്രാർത്ഥന)
ശനി 6.00 pm to 9.00 pm (പുരുഷകൂട്ടായ്മ)
**പുന്നത്തറ കവല**
അഡ്വ.സിജെ. ജോസഫ് ഭവനം വെള്ളി 6 pm to 8.30 pm



**പാ. സണ്ണി മുണ്ടക്കയം**
Mob:9400931331
**കൂത്താട്ടുകുളം**
ബാപ്പുജി സ്കൂൾ ഓഡിറ്റോറിയം
ഞായർ: 10 am to 1 pm (ആരാധന)



**പാ. സണ്ണി കല്ലറ**
Mob:9747162519, 9946122890
**കടുത്തുരുത്തി**
നന്ദാവനം ബിൽഡിംഗ്
ഞായർ: 10am to 1pm (ആരാധന)



**പാ: സൈമൺ കെ. ഡാനിയേൽ**
Mob:9387841020
**കറുകച്ചാൽ**
വ്യാപാര ഭവൻ, കോൺഫ്രൻസ് ഹാൾ
ഞായർ: 10 am to 1pm (ആരാധന)
വെള്ളി:10 am to 1pm (ഉപവാസ പ്രാർത്ഥന)
**പുതുപ്പള്ളി,** ചൊവ്വ 6 pm to 9 pm (പ്രാർത്ഥന)
**മാമ്മൂട്,** ബുധൻ: 10 am to 1 pm (പ്രാർത്ഥന)

Mrs.&Mr.
**വിസി.മാത്യു** (പാസ്റ്റർ)
(ജോയിച്ചൻ വണ്ടനാനിക്കൽ)
Mob: 9048222384

**പൊൻകുന്നം** പെൻഷൻ ഭവൻ
(ഭാരത് പെട്രോൾ പമ്പിന് എതിർവശം)
ഞായർ: 10.00 am 1.00 pm (ആരാധന)
ഞായർ 9 am 10 am (കുട്ടികൾക്കായുള്ള വേദപഠനം)
എല്ലാ ചൊവ്വാഴ്ചകളിലും 10 am 1 pm (ഭവന കൂട്ടായ്മ)
എല്ലാ ബുധനാഴ്ചകളിലും 10 am 1 pm (ഭവന കൂട്ടായ്മ)
എല്ലാ വ്യാഴാഴ്ചകളിലും 10 am 1 pm (ഭവന കൂട്ടായ്മ)
വെള്ളി 7 pm 12 pm (ജാഗരണ പ്രാർത്ഥന)



**ചങ്ങനാശ്ശേരി**
**പാ:രാജു അബ്രഹാം**
Ph:8891058885
YWCA ഓഡിറ്റോറിയം
ഞായർ: 10.00 am to 1.00 pm (ആരാധന)

## ഇടുക്കി ജില്ല



**പാ: ബിജു പി.സാം**
Mob: 9495876219, 9744741907
**അടിമാലി**
വ്യാപാരഭവൻ
ഞായർ 10 am-1pm (ആരാധന)
**പഴംപള്ളിച്ചാൽ**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ
വായനശാലയ്ക്ക് സമീപം
ഞായർ 7 am -9.30 am (ആരാധന)
**കരിപ്പലങ്ങാട്** ബാബു ഭവനം
1ാം വ്യാഴം 10.00 am- 1.00 pm (പ്രാർത്ഥന)
**മുക്കാലേക്കർ** എസ്തപ്പാൻ ഭവനം
2ാം വ്യാഴം 10.00 am- 1.00 pm
**ചാറ്റുപാറ** സേവ്യർ ഭവനം.
1ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**പണിക്കൻകുടി** ജനകൻ ഭവനം
2ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**കുഞ്ചിത്തണ്ണി** (20 ഏക്കർ) തോമസ് ഭവനം
3ാം വെള്ളി 10.00 am- 1.00 pm (പ്രാർത്ഥന)
**200ഏക്കർ** പാസ്റ്റർ ഭവനം
4ാം വെള്ളി 10.00 am- 3.00 pm
ഇടുക്കി ജില്ലയിലെ പാസ്റ്റർമാരും വിശ്വാസികളും കൂടിയുള്ള ഉപവാസപ്രാർത്ഥന.
**ചെങ്കുളം** പീറ്റർ ഭവനം
ശനി 10 am- 1.00 pm (ബൈബിൾക്ലാസ്സ്)
**മാങ്കുളം(വിരിപാറ)** വെട്ടിക്കാപ്പിള്ളി ഭവനം
വെള്ളി 6 pm- 9.30 pm (പ്രാർത്ഥന)
**മില്ലുംപടി** പാസ്റ്റർഭവനം
ശനി 7.00 am- 10.00 am (ബൈബിൾ പഠനം)



**പാ:ജോസഫ് വി.റ്റി**
(രാജു മുണ്ടക്കയം)
Ph:9446379625, 9747499619
**തൊടുപുഴ**
മാരിയിൽ ടവർ ബിൽഡിംഗ്
2nd floor, Near civil station
ഞായർ: 10 am- 1 pm (ആരാധന)



**പാ.സിറിൾ**
Mob: 9400333164
**കട്ടപ്പന**
ആത്മാഭിഷേകം വർഷിപ്പ് സെന്റർ, സാഗര തീയേറ്റർ റോഡ്,
ആൽവിൻ പെയിന്റ്സിന് പുറകുവശം
ഞായർ 10 am- 1pm (ആരാധന)



**പാ:സാജു**
Mob:9447981274
**ചേലച്ചുവട്**
ആത്മാഭിഷേകം വർഷിപ്പ്സെന്റർ
Opp. വ്യാപാരഭവൻ
ഞായർ 10 am to 1 pm (ആരാധന)

## പത്തനംതിട്ട ജില്ല

**തിരുവല്ല**
Mrs.& Mr.
**യേശുദാസ് പുളിക്കൽ**
(പാസ്റ്റർ)

ആത്മാഭിഷേകം സഭാഹാൾ, മഞ്ഞാടി, ആമല്ലൂർ റോഡ്
ഞായർ: 10.00 am- 1.00 pm (ആരാധന)
വെള്ളി: 10 am -1pm ഉപവാസ പ്രാർത്ഥന
ശനി: 10 am -3 pm കൗൺസിലിംഗ്

## ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്കി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ
(ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1 pm (ഉപവാസപ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
opp. കച്ചേരി മാർക്കറ്റ്
ഞായർ: 10 am to 1 pm (ആരാധന)

### ആലപ്പുഴ ജില്ല



**പാ:ബിജു**
Mob:9447116820
**ആലപ്പുഴ**
YWCA ഹാൾ
Near വഴിച്ചേരിജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ:
എല്ലാ ഞായറാഴ്ചയും 12.30 pm
**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും
(ഉപവാസപ്രാർത്ഥന) 10 am
**ഹരിപ്പാട്**
സബ് റെജിസ്ട്രാർ ഓഫീസ്
ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm
(ബൈബിൾക്ലാസ്)
**കായംകുളം**
വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ:
എല്ലാ ശനിയാഴ്ചയും 12.30 pm
**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ്
(കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm

### കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph: 9847872731, 9946586728
**കൊല്ലം**
**YMCA ഹാൾ, ചിന്നക്കട,**
റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
Ph:9847872731, 9946586728
ചൊവ്വ: 10 am to 1 pm (ഉപവാസപ്രാർത്ഥന)
**പൂയപ്പള്ളി**
കിഴക്കിടത്ത് ബിൽഡിംഗ്
Ph:9847872731, 9946586728
വെള്ളി: 10 am to 1 pm (ഉപവാസപ്രാർത്ഥന)

**ഭവന കൂട്ടായ്മകൾ: -**
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
പരവൂർ 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
കൊട്ടിയം 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
പൂതക്കുളം 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
കുളപ്പില 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
നല്ലില 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm



**പാ.കെ.സി ദേവസ്യാ (ദാസ്)**
Mob:9633227925
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം
opp.ജനത ഹോസ്പിറ്റൽ
ഞായർ : 10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ
ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm
നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)
ഞായർ:10.00 am to 1.00 pm (ആരാധന)
എല്ലാ വെള്ളിയാഴ്ചയും(ഉപവാസപ്രാർത്ഥന) 10 am to1pm
**കുണ്ടറ** (എല്ലാ ശനിയാഴ്ചകളിലും (പ്രാർത്ഥന) ആറുമുറിക്കട. മേലതിൽ ഓഡിറ്റോറിയം 3.00 pm - 5 pm
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ**

### തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
ആരാധന:എല്ലാ ശനിയാഴ്ചയും YMCA ഹാൾ 10.30 am-12.30 pm തൊഴുക്കൽ. നെയ്യാറ്റിൻകര
യൂത്ത് കൂട്ടായ്മ എല്ലാ ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ (4.30 pm), 4-ാം ഞായർ (12.30 pm to 1 pm)

പുരുഷ കൂട്ടായ്മ 2-ാം ഞായർ, 4-ാം ഞായർ 12.30 pm - 1 pm
സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**, ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**, അംബികാ ഭവനം എല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
**വലിയതുറ**, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
**ആന്നാട്**, 2-ാം ചൊവ്വ ബാബുഭവനം 10.30 am
**ചന്തവിള** 3-ാം ചൊവ്വ സാംബശിവൻ ഭവനം 6.00 pm
**കുടപ്പനക്കുന്ന്**, 4-ാം ചൊവ്വ ശശിഭവനം 6.30 pm
**മുട്ടട**, ആത്മാഭിഷേകം ഓഫീസ്
എല്ലാ ബുധനാഴ്ചയും
ഉപവാസ പ്രാർത്ഥന.10.30 am
**L.M.S.Nagar**, എല്ലാ വെള്ളിയാഴ്ചയും
ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
**ഊരുട്ടമ്പലം**, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
**വലിയവിള**, 2-ാം ബുധൻ
ജയചന്ദ്രൻ ഭവനം 4.30 pm
**കരമന**,3-ാം ബുധൻ ശാന്തഭവനം
3 pm 3-ാം ബുധൻ
ജോർജ്ജ് ഫിലിപ് ഭവനം 5.00pm
**കിള്ളി**, 4-ാം ബുധൻ ബിജുഭവനം 6 pm
**വെങ്ങാന്നൂർ**, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
**ഉദിയൻകുളങ്ങര**, 2-ാം വ്യാഴം
ശശിഭവനം 4.30 pm
**പേരൂർക്കട**, 2-ാം വ്യാഴം
സാവിത്രിഭവനം10.30am
**ഞണ്ടൂർകോണം** 3-ാം വ്യാഴം
ആന്റണി ഭവനം 4.30 pm
**കുറ്റ്യാനി**, 4-ാം വ്യാഴം രാജൻ ഭവനം4.30pm
**മരുതൂർ**, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
**സന്തോഷ് നഗർ**, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
**നെട്ടയം**, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, **പാറോട്ട്കോണം**,4-ാം ശനി
മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ്
റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്.)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട**, ജെ.എം. ഹാൾ
ഞായർ 3 pm to to 5 pm (ആരാധന)
**അമരവിള**, എസ്ഥേർഭവനം
രണ്ടാം ശനി 2 pm to to 4 pm (ആരാധന)

## CHURCH OF ETERNITY
# CENTRAL MINISTRY


Rev. Devasia Mullakara


Pr.Ramesan


Pr.Radhakrishnan


Br.Sabu


Br.Mathew


Br.Rahul


Br.Sarath


Br.Prince


Br.Justin


Br.Shon


24 x 7 Prayer Line

**9495932106 , 9447715159**

പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക



*"Nevertheless, in the Lord woman is not independent of man, nor is man independent of woman."*

*1 Corinthians 11:11*

# Born Again Ribs
christian matrimony



**Our Portal Features**

- Free Profile Registration
- Edit/Update Profile
- Quick/Advanced Profile Search
- Express & Receive Interest
- Send/Receive Messages
- Short-list Profiles
- Block Profiles
- De-Activate/Delete Profile

**REGISTER NOW**
Get 3 Months
**PREMIUM ACCOUNT**
Validity
FREE

www.bornagainribs.com

**Annual Charges for Premium Account 1500/- Only**

support@bornagainribs.com
+91 9745099981
bornagainribs
live@glenspark.info




(15-ാം പേജിൽ നിന്നും തുടർച്ച)

ചെലുത്തുവാൻ കഴിയുകയില്ല. കാരണങ്ങളിൽ ആദ്യത്തേത് അവരിപ്പോൾ ഇല്ല. രണ്ടാമത്തേത് ദൈവവചനത്തിലൊരിടത്ത് പോലും, ഇവരാരോടും മാദ്ധ്യസ്ഥ്യം യാചിക്കുവാൻ എഴുതി വെച്ചിട്ടില്ല. കാത്തലിക് ചർച്ച്, ബഹുമദ്ധ്യസ്ഥന്മാരെ തുടങ്ങിവച്ചതിനും, മറ്റ് പല പൗരോഹിത്യമതക്കാരും, അതൊക്കെ ഏറ്റെടുത്തതിനും, വേദാധാരം തീരെയില്ല.

**പിശാചിന്റെ പ്രവൃത്തികളെ അഴിപ്പാൻ യേശു ജഡാവതാരം ചെയ്തു**

മനുഷ്യന്റെ മേലുള്ള പിശാചിന്റെ അഴിയാകുരുക്കുകളെ അഴിക്കുവാനാണ് യേശു ജഡാവതാരം ചെയ്തത്. 1 യോഹ.3:8-ൽ വചനം ഇങ്ങനെ പറഞ്ഞിരിക്കുന്നു. "പാപം ചെയ്യുന്നവൻ പിശാചിന്റെ മകൻ ആകുന്നു. പിശാച് ആദിമുതൽ പാപം ചെയ്യുന്നുവല്ലോ. പിശാചിന്റെ പ്രവൃത്തികളെ അഴിക്കുവാൻ തന്നേ, ദൈവപുത്രൻ പ്രത്യക്ഷനായി." ഗദരദേശത്തെ പിശാചു (മത്താ.8:28,34, മർക്കോ.5:1-20, ലൂക്കോ.8:26-39) ദൈവപുത്രന്റെ പൊയ്ക്കൊൾവിൻ എന്ന ശാസന കേട്ട് പന്നിക്കൂട്ടത്തിൽ പ്രവേശിച്ചതും, ആ പന്നികളെല്ലാം കടലിൽ ചാടിച്ചത്തതുമൊക്കെ ഭൂതഗ്രസ്തരിൽ നിന്ന് ഭൂതങ്ങളെ യേശു പുറത്താക്കിയതിന്റെ തെളിവാണ്. രക്തസ്രാവക്കാരിയുടെ സൗഖ്യവും (മത്താ.9:20-22, മർക്കോ.5:25-34, ലൂക്കോ.8:34-48) പിശാചുബാധയിൽ നിന്നും അവൾ വിടുവിക്കപ്പെട്ടതാണ്. മത്താ.9:32-34-ലെ ഭൂതഗ്രസ്തനായ ഊമൻ ഭൂതത്തെ പുറത്താക്കിക്കഴിഞ്ഞപ്പോൾ സംസാരിക്കുകയായിരുന്നു. ബൈബിളിൽ പറഞ്ഞിരിക്കുന്ന ഈ സംഭവം മാത്രമല്ല, ഇന്നും എവിടെയെങ്കിലും, ആരിലെങ്കിലും പിശാചുണ്ടെങ്കിൽ യേശുവിന്റെ നാമം വിളിച്ച് വിശ്വാസത്തോടെ പ്രാർത്ഥിച്ച് കല്പിച്ചാൽ പിശാച് പുറത്തുപോവുക തന്നെ ചെയ്യും. കൊലോ.2:15-ഉം, ഗലാ.3:13-ഉം കുറിയ്ക്കാം. "വാഴ്ചകളെയും അധികാരങ്ങളെയും ആയുധവർഗ്ഗം വെയ്പിച്ച് ക്രൂശിൽ അവരുടെമേൽ ജയോത്സവം കൊണ്ടാടി അവരെ പരസ്യമായ കാഴ്ചയാക്കി." "മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ" എന്ന് എഴുതിയിരിക്കുന്നതുപോലെ "ക്രിസ്തു നമുക്കുവേണ്ടി ശാപമായിത്തീർന്നു, ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്ന് നമ്മെ വിലയ്ക്ക് വാങ്ങി."

**ക്രിസ്തുവിന്റെ ജഡാവതാരം പാപത്തിന് പരിഹാരം ചെയ്യുവാൻ**

1 യോഹ.3:5 കുറിയ്ക്കാം. "പാപങ്ങളെ നീക്കുവാൻ അവൻ പ്രത്യക്ഷനായി എന്ന് നിങ്ങൾ അറിയുന്നു. അവനിൽ പാപം ഇല്ല." സ്വന്തശരീരയാഗം കൊണ്ട് പാപപ്പരിഹാരം വരുത്തുവാനാണ് ക്രിസ്തു യേശുവായി പ്രത്യക്ഷനായത്. പാപത്തിന് പ്രായശ്ചിത്തയാഗമായി തീരുക എന്നതായിരുന്നു ദൈവപുത്രന്റെ ജഡം ധരിച്ചുള്ള വരവിന്റെ പ്രധാന ലക്ഷ്യം. പഴയനിയമകാലത്ത് പാപ്പരിഹാരദിനത്തിൽ ഒരു കോലാട്ടുകൊറ്റനെ പാപയാഗമായി അർപ്പിക്കുമായിരുന്നു. ലേവ്യ.16:20-22 വരെ വചനങ്ങളിൽ ആ സത്യം പ്രതിദ്ധ്വനിക്കുന്നു. "അവൻ വിശുദ്ധമന്ദിരത്തിനും സമാഗമനകൂടാരത്തിനും യാഗപീഠത്തിനും ഇങ്ങനെ പ്രായശ്ചിത്തം കഴിച്ചശേഷം ജീവനോടിരിക്കുന്ന കോലാട്ടുകൊറ്റനെ കൊണ്ടുവരണം. ജീവനോടിരിക്കുന്ന കോലാട്ടുകൊറ്റന്റെ തലയിൽ അഹറോൻ കൈ രണ്ടുംവെച്ച് യിസ്രായേൽമക്കളുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളുമായ ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞ് കോലാട്ടുകൊറ്റന്റെ തലയിൽ ചുമത്തി, നിയമിക്കപ്പെട്ട ഒരാളുടെ കൈവശം അതിനെ മരുഭൂമിയിലേയ്ക്ക് അയയ്ക്കണം. കോലാട്ടുകൊറ്റൻ അവരുടെ കുറ്റങ്ങളെ ഒക്കെയും ശൂന്യപ്രദേശത്തേക്ക് ചുമന്നുകൊണ്ടുപോകണം; അവൻ കോലാട്ടുകൊറ്റനെ മരുഭൂമിയിൽ വിടണം." "യേശുക്രിസ്തുവാകട്ടെ ആ കോലാട്ടുകൊറ്റന് പകരം ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവകുഞ്ഞാടായി മാറി" (യോഹ.1:29,36). 2 കൊരി.5:21-ൽ "പാപം അറിയാത്തവനെ നാം അവനിൽ ദൈവത്തിന്റെ




നീതിയാകേണ്ടതിന് അവൻ നമുക്കുവേണ്ടി പാപം ആക്കി.'' ''അവൻ മനുഷ്യരാൽ നിന്ദിക്കപ്പെട്ടും ത്യജിക്കപ്പെട്ടും, വ്യസനപാത്രമായും രോഗം ശീലിച്ചവനുമായും ഇരുന്നു; അവനെ കാണുന്നവർ മുഖം മറച്ചുകളയത്തക്കവണ്ണം അവൻ നിന്ദിതനായിരുന്നു. നാം അവനെ ആദരിച്ചതുമില്ല. സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു; നമ്മുടെ വേദനകളെ അവൻ ചുമന്നു; നാമോ, ദൈവം അവനെ ശിക്ഷിച്ചും അടിച്ചും ദണ്ഡിപ്പിച്ചുമിരിക്കുന്നു എന്ന് വിചാരിച്ചു. എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം മുറിവേറ്റും, നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർന്നും, ഇരിക്കുന്നു; നമ്മുടെ സമാധാനത്തിനുള്ള ശിക്ഷ അവന്റെ മേൽ ആയി. അവന്റെ അടിപ്പിണരുകളാൽ നമുക്ക് സൗഖ്യം വന്നുമിരിക്കുന്നു. നാം എല്ലാവരും ആടുകളേപ്പോലെ തെറ്റിപ്പോയിരുന്നു; നാം ഓരോരുത്തനും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു; എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെമേൽ ചുമത്തി'' (യെശ.53:3-6). സകലരുടെയും സകല പാപങ്ങളും ആ ദിവ്യ കുഞ്ഞാടിന്റെമേൽ ചുമത്തിയപ്പോൾ ജഡാവതാരലക്ഷ്യം പാപത്തിന് പരിഹാരമുണ്ടാക്കുക എന്നതാണെന്ന് തെളിയുന്നു.

**യേശു ജഡാവതാരം ചെയ്തത് വിശ്വസ്ത മഹാപുരോഹിതനാകാനാണ്**

പുരോഹിതനാണ് യാഗം ചെയ്യുക. പഴയനിമയകാലപുരോഹിതന്മാർ ജനങ്ങളിൽ നിന്നാണ് തെരെഞ്ഞെടുക്കപ്പെട്ടിരുന്നത്. യേശു ജഡാവതാരം ചെയ്ത ദൈവമാണെങ്കിലും മനുഷ്യരിൽ ഒരുവനാണല്ലോ. എബ്രാ.3:1 "നാം സ്വീകരിച്ചു പറയുന്ന അപ്പൊസ്തലനും മഹാപുരോഹിതനുമായ യേശുവിനെ ശ്രദ്ധിച്ചുനോക്കുക." യേശു ഇപ്പോൾ പിതാവിന്റെ സമീപത്തിരുന്ന് മഹാപുരോഹിതശുശ്രൂഷ ചെയ്യുകയാണ്. എബ്രാ.5:4,5-ൽ "എന്നാൽ അഹറോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവേ എടുക്കുന്നില്ല. അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതനാകാനുള്ള മഹത്വം സ്വതവേ എടുത്തിട്ടില്ല".

**മൽക്കിസേദക്കിന്റെ ക്രമപ്രകാരം**

ഉല്പ.14-ൽ 18-21 കുറിയ്ക്കാം. ''ശലോം രാജാവായ മൽക്കിസേദക്ക് അപ്പവും വീഞ്ഞും കൊണ്ടുവന്നു; അവൻ അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനായിരുന്നു. അവൻ അവനെ അനുഗ്രഹിച്ചു; സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി, അത്യുന്നതനായ ദൈവത്താൽ അബ്രാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ. നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ എന്നു പറഞ്ഞു. അതിന് അബ്രാം സകലത്തിനും ദശാംശം കൊടുത്തു. സോദോം രാജാവ് അബ്രാമിനോട്; ആളുകളെ എനിക്കുതരിക, സമ്പത്ത് നീ എടുത്തുകൊൾക എന്നു പറഞ്ഞു.'' ഈ തിരുവചനം ശ്രദ്ധവെച്ച് പഠിച്ചാൽ മൽക്കിസേദെക്കിന്റെ പൗരോഹിത്യക്രമപ്രകാരം യേശു പുരോഹിതനെന്ന് കാണാൻ കഴിയും. സങ്കീ.110:4 കുറിയ്ക്കാം. "നീ മൽക്കിസേദെക്കിന്റെ വിധത്തിൽ എന്നേക്കും ഒരു പുരോഹിതൻ എന്ന് .യഹോവ സത്യം ചെയ്തിരിക്കുന്നു. അനുതപിക്കയുമില്ല." എബ്രായർ 7-ാം അദ്ധ്യായത്തിൽ "ശാലോം രാജാവും അത്യുന്നതനായ ദൈവത്തിന്റെ പുരോഹിതനുമായ മൽക്കിസേദെക്ക് രാജാക്കന്മാരെ ജയിച്ച് മടങ്ങിവരുന്ന അബ്രഹാമിനെ എതിരേറ്റ് അനുഗ്രഹിച്ചു. അബ്രഹാം അവന് സകലത്തിലും പത്തിലൊന്ന് കൊടുത്തു. അവന്റെ പേരിന് ആദ്യം നീതിയുടെ രാജാവെന്നും പിന്നെ ശാലോംരാജാവെന്നും എന്നുവെച്ചാൽ സമാധാനത്തിന്റെ രാജാവെന്നും അർത്ഥം. അവന് പിതാവില്ല, മാതാവില്ല, വംശാവലിയില്ല, ജീവാരംഭവും ജീവാവസാനവുമില്ല; അവൻ ദൈവപുത്രന് തുല്യമായി എന്നേക്കും പുരോഹിതനായിരിക്കുന്നു". ക്രിസ്തുവിനെ യഹോവ മഹാപുരോഹിതനായി നിയമിച്ചുവെന്ന് 110-ാം സങ്കീർത്തനത്തിൽ 4-ാം വാക്യത്തിൽ നമ്മൾ കണ്ടുവല്ലോ.

എന്നേയ്ക്കും ദൈവമായ യേശുക്രിസ്തുവിന് മാനുഷികപിതാവോ, മാനുഷികമാതാവോ വംശാവലി




യോ ഇല്ലാത്തതുപോലെ മെൽക്കിസേദെക്കിന് പിതാവൊ മാതാവൊ വംശാവലിയോ ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല. പാപത്തെയും തിന്മകളെയും പരാജയപ്പെടുത്തുന്നവരെ യേശു എപ്പോഴും അനു ഗ്രഹിക്കും. മൽക്കിസേദെക്കും ജയിച്ചുവരുന്നവനെ അനുഗ്രഹിക്കുകയുണ്ടായി. മൽക്കിസേദെക്ക് രാജാവും പുരോഹിതനുമായിരുന്നു. ക്രിസ്തുവും രാജാവും പുരോഹിതനുമായിരുന്നു. മൽക്കിസേദെക്ക് നീതി യുടെയും സമാധാനത്തിന്റെയും രാജാവായിരുന്നു. യേശുവും അവയുടെ ഉടമയായിരുന്നു. മെൽക്കിസെദേക്ക് അപ്പവും വീഞ്ഞും അബ്രഹാമിന് കൊടുത്തു. ഇത് കർത്തൃമേശയുടെ നിഴലാണ്. അബ്രഹാം മെൽക്കിസെദേക്കിന് ദശാംശം കൊടുത്തത് സഭയിൽ ഇന്ന് എല്ലാവരും നൽകുന്ന സ്തോത്രക്കാഴ്ചക്കും ഉയർന്ന മാനസാന്തരമുള്ളവർ നൽകുന്ന ദശാംശത്തിനും നിഴലാണവ.

**വ്യത്യസ്ത വ്യാജസിദ്ധാന്തങ്ങൾ: ഡോസെറ്റിസവും, ജ്ഞാനവാദികളും (Gnostics)**

ഡോസെറ്റിസം ഒരു ദുരുപദേശമായിരുന്നു. ക്രിസ്തുവിന്റെ മനുഷ്യത്വത്തെ നിഷേധിച്ചുകൊണ്ടും ദൈവത്വത്തെ ആദരിച്ചുകൊണ്ടും ആണ് ഇവർ A.D 70-ൽ ഈ സിദ്ധാന്തം ആവിഷ്ക്കരിച്ചത്. ജ്ഞാനവാദികളും (നോസ്റ്റിക്കുകൾ) ഈ അഭിപ്രായക്കാരാണ്. A.D 2-ാം നൂറ്റാണ്ടിൽ സഭയിൽ കടന്നുകൂടിയ അപകടകാരിയായ ഒരു ഇടത്തൂടായിരുന്നു ജ്ഞാനവാദവും. ജ്ഞാനവാദമനുസരിച്ച് ചരിത്രത്തിലെ ക്രിസ്തു വെറും മനുഷ്യനാണ്. ക്രൂശീകരണത്തിനുമുമ്പായി സ്വർഗ്ഗീയനായ ക്രിസ്തു പദാർത്ഥമുപേക്ഷിച്ച് സ്വർഗ്ഗത്തിലേക്ക് പോയി എന്നും ക്രൂശിൽ മരിച്ചത് ക്രിസ്തുവിലെ മനുഷ്യൻ ആണ് എന്നും പഠിപ്പിക്കുന്നു. ഡോസെറ്റിക്കുകൾ ക്രിസ്തുവിന്റെ ശരീരം മിഥ്യയാണെന്ന് വാദിക്കുന്നു.

**എബ്യോനിസം (EBIONISM)**

ദരിദ്രൻ എന്നർത്ഥമുള്ള ഒരു എബ്രായപദമാണ് എവ്യോൻ. യഹൂദപക്ഷവാദികളാണ് ഇവർ. ദുരുപദേശമാണ് എബ്യോനിസം. ക്രിസ്തുവിന്റെ ദൈവത്വത്തെ ഇവർ അംഗീകരിക്കുന്നില്ല. ഏകദൈവ വിശ്വാസം ശരിയാകണമെങ്കിൽ ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കേണ്ടിവരും എന്നതാണ് എബ്യോന്യരുടെ അഭിപ്രായം. ശബത്തും, പരിച്ഛേദനയും ആചരിക്കുന്നു. ന്യായപ്രമാണത്തെ തീവ്രമായി സ്വീകരിക്കുന്ന ഇക്കൂട്ടർ പൗലൊസിന്റെ ലേഖനങ്ങളെ തള്ളിക്കളയുന്നു.

**അറിയൂസ് വാദം (ARIANISM)**

ഇവർ യേശുക്രിസ്തുവിന്റെ നിത്യത്വത്തെ എതിർക്കുന്നു. അലക്സാൻഡ്രിയയിലെ അറിയൂസ് ആണിതിന്റെ ഉപജ്ഞാതാവ്. അസ്തനേഷ്യസ് ഈ വാദത്തെ നഖശിഖാന്തം എതിർക്കുന്നു. ഇവരും പുത്രന്റെ ദൈവത്വത്തെ എതിർക്കുന്നു. ദൈവത്തിന്റെ ആദ്യസൃഷ്ടി ക്രിസ്തുവാണെന്ന് ഇവർ വാദിക്കുന്നു. അക്കാലത്തുണ്ടായ സെബല്യസത്തിനെ എതിർത്തത് അറിയൂസ്കാരാണ്. ക്രിസ്തുവിന്റെ താഴ്ചയെക്കുറിച്ച് ചില അഭിപ്രായവുമാണ് സെബല്യസകാർ വന്നത്. ഓരിജൻ എന്ന പ്രസിദ്ധ ചിന്തകനും പിതാവിനെക്കാൾ അല്പം താണവനാണ് യേശു എന്ന് വാദിച്ചായിരുന്നു. എന്നാല് നിഖ്യാവിശ്വാസപ്രമാണം ഇതിനൊക്കെ പരിഹാരമുണ്ടാക്കി. പിതാവും പുത്രനും തമ്മിൽ സത്താസമത്വം ഉണ്ടെന്ന് സമർത്ഥിച്ചു. അറിയൂസ് മതമാണ് പിന്നീട് യഹോവാസാക്ഷികളായി തീർന്നത്.

**അപ്പോളിന്നറിയനിസം ( APPOLLINARIANISM)**

ക്രിസ്തുവിന്റെ ദൈവപ്രകൃതിയിൽ മനുഷ്യപ്രകൃതി വിലയം പ്രാപിച്ച് മനുഷ്യപ്രകൃതിയുടെ സ്വത്വം നഷ്ടപ്പെടുന്നു എന്നും ദൈവപ്രകൃതി വളരുന്നു എന്നുമുള്ള ശുദ്ധദുരുപദേശമാണിത്. അത്തനാഷ്യസിന്റെയും സിറിളിന്റെയും ക്രിസ്തുദർശനവും അപ്പോളിന്നറിയനിസവും ഏകദേശം ഒരുപോലെയായിരുന്നു. പൂർണ്ണമായുള്ള ദൈവം അല്ല ക്രിസ്തുവെന്ന് ഇക്കൂട്ടർ വാദിക്കുന്നു. ക്രിസ്തുവിന്റെ ദ്വന്ദ്വസ്വഭാവങ്ങളെ സമസ്ഥാനത്ത് കാണുവാൻ പാടില്ല എന്നാണ് അവരുടെ




വ്യാജദർശനം.

**നെസ്തോറിയനിസം**

നെസ്തോറിയസ് കോൺസ്റ്റാന്റിനോപ്പിളിലെ പാത്രിയാർക്കീസായിരുന്നു. ദൈവപ്രകൃതിയും മനുഷ്യപ്രകൃതിയും ക്രിസ്തു എന്ന ഏക വ്യക്തിയിൽ സംയോജിച്ചു എന്നതിനെ നെസ്തോറിയോസ് നിഷേധിക്കുന്നു. നരമാതാവും ദൈവമാതാവും ഒന്നാണെന്നതും നെസ്തോറിയൻ പാഷണ്ഡത ആയിരുന്നു. എങ്കിലും ദൈവത്തിന് മാതാവുണ്ടോ എന്ന ചരിത്രപരമായ ചോദ്യം നെസ്തോറിയൻ ചോദിച്ചായിരുന്നു. A.D 431-ൽ എഫേസോസിൽ നടന്ന സൂനഹദോസിൽ അദ്ദേഹത്തെ പുറംതള്ളി. A.D436-ൽ നാടുകടത്തി.

**യൂത്തിക്കനിസം**

ക്രിസ്തുവിന്റെ ശരീര അവയവങ്ങൾ പോലും ദൈവീകമാണെന്ന് യൂത്തിക്കോസ് വാദിച്ചു. ഒരു തുള്ളി തേൻ സമുദ്രത്തിൽ കലരുന്നതുപോലെ ക്രിസ്തുവിന്റെ മനുഷ്യത്വം ദൈവത്തോടുകൂടി കലർന്നു എന്നാണ് യൂത്തിക്കോസ് വാദിച്ചത്. A.D 451-ൽ കൂടിയ കൽക്കദോന്യ സൂനഹദോസ് ഈ ഉപദേശത്തെ തള്ളിക്കളഞ്ഞു. എന്നാൽ യഥാർത്ഥത്തിൽ യേശുക്രിസ്തു സാക്ഷാൽ ദൈവവും സാക്ഷാൽ മുനുഷ്യനുമാണ്. ദൈവത്വത്തിൽ പിതാവിനോട് സത്താസമത്വവും പാപമൊഴികെ മനുഷ്യനോട് മനുഷ്യപുത്രത്വത്തിൽ സത്താസമത്വവും ഉണ്ട്. ദൈവത്വത്തിൽ കാലത്തിനുമുമ്പ് അവൻ പിതാവിനാൽ ജനിക്കപ്പെടുകയല്ലായിരുന്നു. പിതാവും പുത്രനും ഒരേപോലെ കാലാതിവർത്തിയായി ജനിക്കുകയായിരുന്നു. പിതാവ് പുത്രനെയോ പുത്രൻ പിതാവിനെയോ ജനിപ്പിക്കുകയല്ലായിരുന്നു, ജനിക്കുകയായിരുന്നു.

**യഹോവാസാക്ഷികൾ**

സി.റ്റി റസ്സൽ ആണ് ഈ പ്രസ്ഥാനത്തിന്റെ സ്ഥാപകൻ. 1731-ൽ യഹോവാസാക്ഷികൾ എന്ന പേര് റസ്സലിന്റെ പിൻഗാമിയായ റതർഫോർഡ് സ്വീകരിച്ചു. പുത്രൻ ഒന്നാമതായി സഷ്ടിക്കപ്പെട്ട ഒരു ഉന്നത സൃഷ്ടി എന്നതാണ് യഹോവാസാക്ഷികളുടെ കാതലായ ദുരുപദേശം. ഒരു പ്രധാനദൂതനോട് ക്രിസ്തുവിനെ ഇക്കൂട്ടർ സാമ്യപ്പെടുത്തുന്നു. യഹോവാസാക്ഷികൾ വിശ്വസിക്കുന്നത് " watch tower bible and tract society" നൽകുന്ന വ്യാഖ്യാനം മാത്രമേ അംഗീകരിക്കപ്പെടുകയുള്ളു എന്നാണ്. പിതാവ് മാത്രമാണ് ദൈവം. ത്രീത്വം എന്നൊന്ന് ബൈബിളിലില്ലാത്തതിനാൽ സാത്താനാണതിന്റെ ഉപജ്ഞാതാവ് എന്നാണ് യഹോവാസാക്ഷികളുടെ അഭിപ്രായം.

മറ്റുചിലവാദങ്ങൾ: രക്ഷ ലഭിക്കണമെങ്കിൽ യഹോവാസാക്ഷികളുടെ കൂടെ നാം ചേരണം. യേശുക്രിസ്തു രഹസ്യമായി 1914-ൽ രണ്ടാമതും വന്നുകഴിഞ്ഞു. ഇനിയും ഒരു അന്ത്യന്യായവിധി ദിവസമില്ല. മരിച്ചവർ ഇതുവരെ ചെയ്തുകഴിഞ്ഞ പ്രവൃത്തികളുടെ ശിക്ഷ അനുഭവിച്ചുകഴിഞ്ഞു. ഇനിയും ഉയിർത്തെഴുന്നേറ്റതിന് ശേഷമുള്ള പ്രവൃത്തികളുടെ ശിക്ഷ മാത്രമേ അവശേഷിക്കുന്നുള്ളു. മരണശേഷം ആത്മാവ് നിതൃതയിൽ ജീവിക്കുന്നു എന്ന് പ്രചരിപ്പിക്കുന്നത് സാത്താനാണ്. നരകശിക്ഷ എന്നതും വെറുതെയാണ്. മോർമോൺസ്, സയൻഷോളജി, യൂണിഫിക്കേഷൻ ചർച്ച്, ദി വേ ഇന്റർനാഷണൽ, വേൾഡ് വൈഡ് ചർച്ച് ഓഫ് ഗോഡ് എന്നിങ്ങനെ അനേകം ഗുപ്ത വിശ്വാസസമൂഹമോ ദുരുപദേശസംഘടനകളോ ഉണ്ട്.

**ക്രിസ്തുവിന്റെ ദൈവത്വവും നിത്യപുത്രത്വവും പരിശുദ്ധിയും**

യേശുക്രിസ്തുവിനെപ്പറ്റി ക്രിസ്തുമത വിശ്വാസികളും വിവിധ സാംസ്ക്കാരിക നായകന്മാരുമൊക്കെ ഏറ്റവും നല്ല മനുഷ്യനായിരുന്നു എന്നൊക്കെ പറയാറുണ്ട്. മഹാൻ എന്നും പറയും. അവിടുന്ന് സമ്പൂർണ്ണദൈവമായിരുന്നു എന്നതാണ്, അതിലൊക്കെ പ്രധാനം. തിരുവചനത്തിൽ പറയുന്ന തെളിവുകൾ 1. "അവന്, അത്ഭുതമന്ത്രി, വീരനാം ദൈവം,




നിത്യപിതാവ്, സമാധാനപ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ.9:6). 2. "ദൈവപുത്രൻ വന്നു എന്നും സത്യദൈവത്തെ അറിയുവാൻ നമുക്ക് വിവേകം തന്നു എന്നും നാം അറിയുന്നു. നാം സത്യദൈവത്തിൽ അവന്റെ പുത്രനായ യേശുക്രിസ്തുവിൽ തന്നെ ആകുന്നു. അവൻ സത്യദൈവവും നിത്യജീവനുമാകുന്നു" (1 യോഹ.5:20). "പിതാക്കന്മാരും അവർക്കുള്ളവർ തന്നെ; ജഡപ്രകാരം ക്രിസ്തുവും അവരിൽനിന്നല്ലോ ഉത്ഭവിച്ചത്, അവൻ സർവ്വത്തിനും മീതെ ദൈവമായി എന്നന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ" (റോമ.9:5). "നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായും, മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായി കാത്തുകൊണ്ട്" (തീത്തോ.2:12) "ഹല്ലേല്ലൂയ്യാ സർവ്വശക്തിയുള്ള നമ്മുടെ ദൈവമായ കർത്താവ് രാജത്വം ഏറ്റിരിക്കുന്നു" (വെളി.19:6). "ദൈവരൂപത്തിലും ദൈവത്തോടുള്ള സമത്വത്തിലുമായിരുന്നു യേശുക്രിസ്തു" എന്ന് ഫിലി.2:6,7-ൽ "അവനിലല്ലോ ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നത്" (കൊളോ.2:9).

യേശുക്രിസ്തുവിന്റെ ദൈവത്വം എന്ന സംഭവം നിലവിലുള്ള സകല മതങ്ങൾക്കും തലവേദനയായിരിക്കുകയാണ്. നബിയേപ്പോലുള്ള മറ്റ് മതസ്ഥാപകരോടൊപ്പം യേശുക്രിസ്തുവിനേക്കൂടി താഴ്ത്തുവാനുള്ള ആലോചനയോടെ പ്രവർത്തിക്കാൻ ബോധപൂർവ്വം ശ്രമിക്കുന്നവരുണ്ട്. യേശുക്രിസ്തുവിനെ സത്യദൈവം, കർത്താവ്, എല്ലാവരുടെയും കർത്താവ്, തേജസ്സിന്റെ കർത്താവ്, പരിശുദ്ധൻ, ഏകജാതനായ പുത്രൻ, ഒന്നാമനും ഒടുക്കത്തവനും ഇമ്മാനുവേൽ, സ്നേഹം, വിശുദ്ധി, സർവ്വശക്തൻ എന്നിങ്ങനെ പല പേരുകളിൽ വിളിക്കുന്നു.

പിതാവായ ദൈവം നിത്യപിതാവു തന്നെയാണല്ലോ. അതുപോലെ പുത്രനായ ദൈവവും നിത്യപുത്രനാണ്. 1 യോഹ.2:23-ൽ "പുത്രനെ നിഷേധിക്കുന്നവന് പിതാവുമില്ല; പുത്രനെ സ്വീകരിക്കുന്നവന് പിതാവുമുണ്ട്." യോഹ.1:18-ൽ "ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. പിതാവിന്റെ മടിയിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ വെളിപ്പെടുത്തിയിരിക്കുന്നു." 12-ാമത്തെ വയസ്സിൽ ലൂക്കോ.2:49-ൽ അവൻ അവരോട് "എന്നെ തിരെഞ്ഞതെന്തിന്? എന്റെ പിതാവിനുള്ളതിൽ ഞാനിരിക്കേണ്ടത് എന്ന് നിങ്ങളറിയുന്നില്ലയോ എന്നു പറഞ്ഞു" എന്നു പറഞ്ഞുകൊണ്ട് തന്റെ ദൈവപുത്രത്വം വെളിപ്പെടുത്തുകയായിരുന്നു.

പുത്രനാം ദൈവം ജഡമെടുത്തത് പാപബന്ധനത്തിലകപ്പെട്ട മനുഷ്യസമൂഹത്തെ വീണ്ടെടുക്കുന്നതിനോടുള്ള ബന്ധത്തിലാണ്. പാപത്തിന് പ്രായശ്ചിത്തമായി കാൽവരിക്രൂശിൽ മരിക്കുക നിമിത്തം സാക്ഷാൽ പുത്രൻ തമ്പുരാനാണ് നിത്യരക്ഷക്ക് കാരണഭൂതനായിത്തീർന്നത്. എബ്രായലേഖനത്തിൽ പുത്രനെങ്കിലും താനനുഭവിച്ച കഷ്ടങ്ങളാൽ അനുസരണം പഠിച്ച് തികഞ്ഞവനായി, തന്നെ അനുസരിക്കുന്ന ഏവർക്കും നിത്യരക്ഷയുടെ കാരണഭൂതനായിതീർന്നു (5:8,9). സങ്കീ.2:12-ൽ എഴുതിയിരിക്കുന്നു "അവൻ കോപിച്ചിട്ട് നിങ്ങൾ വഴിയിൽവെച്ച് നശിക്കാതിരിക്കാൻ പുത്രനെ ചുംബിക്കുവിൻ." യോഹ.3:36-ൽ ഇപ്രകാരം പറയുന്നു "പുത്രനിൽ വിശ്വസിക്കുന്നവന് നിത്യജീവനുണ്ട്, പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല; ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളു". നിത്യജീവൻ നൽകുന്നതിനേക്കാൾ വലിയതൊന്നുമില്ലല്ലോ!

ലോകസ്ഥാപനത്തിനുമുമ്പും യേശു പുത്രൻ തന്നെ ആയിരുന്നു. സൃഷ്ടിപ്പിനും യേശു പുത്രൻ തന്നെയായിരുന്നു. ജഡധാരണത്തിലും ഈ പുത്രത്വം നിലനിന്നിരുന്നു. ക്രൂശീകരണസമയത്തും ഈ പുത്രത്വം നിലനിൽക്കുകതന്നെ ചെയ്തു. എഫേസ്യലേഖനം 1-ൽ 3,4 വാക്യങ്ങൾ "സ്വർഗ്ഗത്തിലെ സകല ആത്മീയാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന




നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ. നാം തന്റെ സന്നിധിയിൽ വിശുദ്ധരും നിഷ്ക്കളങ്കരുമാകേണ്ടതിന് അവൻ ലോകസ്ഥാപനത്തിനുമുമ്പേ, നമ്മെ അവനിൽ തിരഞ്ഞെടുക്കുകയും തിരുഹിതത്തിന്റെ പ്രസാദപ്രകാരം യേശുക്രിസ്തു മുഖാന്തരം നമ്മെ ദത്തെടുക്കേണ്ടതിന് അവൻ പ്രിയനായവനിൽ നമുക്ക് സൗജന്യമായി നൽകിയ തന്റെ കൃപാമഹത്വത്തിന്റെ പുകഴ്ച്ചയ്ക്കായി സ്നേഹത്തിൽ നമ്മെ മുൻനിയമിക്കുകയും ചെയ്തുവല്ലോ.'' എബ്രായലേഖനം 1:2-ൽ ''ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മോട് അരുളിച്ചെയ്തിരിക്കുന്നു, അവനെ താൻ സകലത്തിനും അവകാശിയാക്കിവെച്ചു; അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി.'' അതായത് ലോകത്തെ ഉണ്ടാക്കുമ്പോൾ പുത്രൻ ആ പ്രത്യേകസമയത്തേക്ക് പെട്ടെന്ന് പിതാവൊന്നുമായില്ല. പുത്രൻ തന്നെ ആയിരുന്നു ''സ്വന്തപുത്രനെ ആദരിക്കാതെ, നമുക്കെല്ലാവർക്കുംവേണ്ടി ഏല്പിച്ചുതന്നവൻ അവനോടുകൂടെ സകലവും നമുക്ക് നൽകാതിരിക്കുമോ"? (റോമ.8:32).

ഈ പുത്രത്വം ഉയിർത്തെഴുന്നേൽപ്പിലും നിത്യതയിലും നമുക്ക് കാണാൻ കഴിയും. എബ്രാ.1:5-ൽ "നീ എന്റെ പുത്രൻ ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്നും "ഞാൻ അവന് പിതാവും അവൻ എനിക്ക് പുത്രനുമായിരിക്കും എന്നും ദൂതന്മാരിൽ ആരോടെങ്കിലും വല്ലപ്പോഴും അരുളിച്ചെയ്തിട്ടുണ്ടോ? 2-ാം സങ്കീർത്തനം 7-ാം വാക്യത്തിൽ "നീ എന്റെ പുത്രൻ; ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" യെശ.44:6 "ഞാൻ ആദ്യനും അന്ത്യനുമാകുന്നു. ഞാനല്ലാതെ ഒരു ദൈവവുമില്ല."

## ആരാധനാ-പരിശുദ്ധി

ആരാധനയെന്നതും, പരമപരിശുദ്ധി എന്നതും ദൈവത്തിനു മാത്രം അവകാശപ്പെട്ടതാണ്. എത്രയോ പ്രധാനപ്പെട്ടവരാണ് അപ്പൊസ്തലന്മാർ. അതുപോലെ തന്നെ ദൈവദൂതന്മാർ. പക്ഷേ അവരെ മറ്റുള്ളവർ കൂടുതൽ ബഹുമാനിക്കുകയോ ആരാധിക്കാൻ ശ്രമിക്കുകയോ ചെയ്തപ്പോൾ അവർ എതിർത്തിട്ടുണ്ട്. അപ്പൊസ്തലപ്രവർത്തനങ്ങൾ 10-ലേക്കും 14-ലേക്കും




To Help us (only in india)

ഇന്ത്യയ്ക്കകത്തു നിന്നുമുള്ള സാമ്പത്തിക സഹായങ്ങൾ ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് മാത്രം അയച്ചു തരിക

ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്,
എറണാകുളം, IFSC Code : FDRL 000 1034

Church of Eternity
A/c No: 1034 0100 205 721
Federal bank, Trikkakkara Branch
Ernakulam, IFSC Code : FDRL 000 1034

## Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

ചെല്ലാം. ''പത്രൊസ് അകത്തു കയറിയപ്പോൾ കൊർണേല്യോസ് എതിരേറ്റ് അവന്റെ കാല്ക്കൽ വീണ് നമസ്കരിച്ചു. പത്രൊസൊ എഴുന്നേൽക്കുക, ഞാനും ഒരു മനുഷ്യനത്രേ എന്ന് പറഞ്ഞ് അവനെ എഴുന്നേല്പിച്ചു'' (10:25,26). ''ലുസ്ത്രയിൽ അമ്മയുടെ ഗർഭം മുതൽ മുടന്തനായി ഒരിയ്ക്കലും, നടന്നിട്ടില്ലാതെയും കാലിന് ശക്തിയില്ലാതെയും ഉള്ള ഒരു പുരുഷൻ ഇരുന്നിരുന്നു. അവൻ പൗലൊസ് സംസാരിക്കുന്നതുകേട്ടു. അവൻ അവനെ ഉറ്റുനോക്കി; സൗഖ്യം പ്രാപിക്കുവാൻ അവന് വിശ്വാസം ഉണ്ട് എന്ന് കണ്ടിട്ട്, നീ എഴുന്നേറ്റ് കാലൂന്നി നിവർന്ന് നിൽക്കുക എന്നുറക്കെപ്പറഞ്ഞു. അവൻ കുതിച്ചെഴുന്നേറ്റ് നടന്നു. പൗലൊസ് ചെയ്തത് പുരുഷാരം കണ്ടിട്ട്: ദേവന്മാർ മനുഷ്യരൂപത്തിൽ നമ്മുടെയടുക്കൽ ഇറങ്ങി വന്നിരിക്കുന്നുവെന്ന് ലുക്കവോന്യഭാഷയിൽ നിലവിളിച്ചുപറഞ്ഞു. ബർണ്ണബാസിന് ഇന്ദ്രൻ എന്നും പൗലൊസ് മുഖ്യപ്രസംഗിയാകുകയാൽ അവന് ബുധൻ എന്നും പേർ വിളിച്ചു. പട്ടണത്തിന് മുമ്പിലുള്ള ഇന്ദ്രക്ഷേത്രത്തിലെ പുരോഹിതൻ കാളകളെയും പൂമാലകളെയും ഗോപുരത്തിങ്കൽ കൊണ്ടുവന്ന് പുരുഷാരത്തോടുകൂടി യാഗം കഴിപ്പാൻ ഭാവിച്ചു. ഇത് അപ്പൊസ്തലരായ ബർണ്ണബാസും പൗലൊസും കേട്ടിട്ട് വസ്ത്രം കീറിക്കൊണ്ട് പുരുഷാരത്തിന്റെ ഇടയിലേക്ക് ഓടിച്ചെന്ന്, നിലവിളിച്ച് പറഞ്ഞത് പുരുഷന്മാരെ, നിങ്ങൾ ഈ ചെയ്യുന്നത് എന്ത്? ഞങ്ങൾ നിങ്ങളോട് സമസ്വഭാവമുള്ള മനുഷ്യർ അത്രേ; നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ട് ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്ക് തിരിയണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു'' (അപ്പൊ.പ്ര.14:8-15).

വെളിപാട് പുസ്തകത്തിലും ''പുസ്തകം വാങ്ങുവാനും അതിന്റെ മുദ്ര പൊട്ടിക്കുവാനും നീ യോഗ്യൻ; നീ അറുക്കപ്പെട്ടു നിന്റെ രക്തംകൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ ദൈവത്തിനായി വിലയ്ക്കുവാങ്ങി. ഞങ്ങളുടെ ദൈവത്തിന് അവരെ രാജ്യവും പുരോഹിതന്മാരുമാക്കിവെച്ചു; അവർ ഭൂമിയിൽ വാഴുന്നു എന്നൊരു പുതിയപാട്ട് അവർ പാടുന്നു. പിന്നെ ഞാൻ ദർശനത്തിൽ സിംഹാസനത്തിന്റെയും ജീവികളുടെയും മൂപ്പന്മാരുടെയും ചുറ്റിലും ഏറിയ ദൂതന്മാരുടെ ശബ്ദം കേട്ടു. അവരുടെ എണ്ണം പതിനായിരം പതിനായിരവും ആയിരം ആയിരവുമായിരുന്നു. അവർ അത്യുച്ചത്തിൽ അറുക്കപ്പെട്ട കുഞ്ഞാട് ശക്തിയും ധനവും ജ്ഞാനവും ബലവും ബഹുമാനവും മഹത്വവും സ്തോത്രവും ലഭിക്കുവാൻ യോഗ്യൻ എന്നു പറഞ്ഞു. സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കുകീഴിലും സമുദ്രത്തിലുമുള്ള സകല സൃഷ്ടിയും അവയിലുള്ളതൊക്കെയും, സിംഹാസനത്തിലിരിക്കുന്നവനും കുഞ്ഞാടിനും സ്തോത്രവും ബഹുമാനവും മഹത്വവും ബലവും എന്നന്നേയ്ക്കും ഉണ്ടാകട്ടെ എന്നു പറയുന്നത് ഞാൻ കേട്ടു. നാല് ജീവികളും ആമേൻ എന്നു പറഞ്ഞു; മൂപ്പന്മാർ വീണ് നമസ്കരിച്ചു'' (വെളി.5:9-14). ആരാധനയ്ക്ക് യോഗ്യനായതുകൊണ്ടാണ് കുഞ്ഞാട് (യേശുക്രിസ്തു) ആരാധന തിരസ്ക്കരിക്കാതിരുന്നത്, പൗലൊസും ബർണ്ണബാസും ആരാധന നിഷേധിച്ചത് അവർ മനുഷ്യരായതുകൊണ്ടുമാണ്.

മത്താ.2:11-ൽ കിഴക്കുനിന്നു വന്ന വിദ്വാന്മാർ യേശുവിനെ ആരാധിക്കുന്നതും, ആരാധന സ്വീകരിക്കുന്നതും നാം കാണുന്നു. മത്താ.8:2-ൽ സുഖപ്പെട്ട കുഷ്ഠരോഗി യേശുവിനെ ആരാധിക്കുന്നത് നാം കാണുന്നു. മത്താ.9:18-ൽ പള്ളിപ്രമാണിയായ യായിറോസും, മത്താ.15:24-ൽ കനാന്യസ്ത്രീയും യേശുവിനെ ആരാധിക്കുമ്പോൾ യേശു അത് വേണ്ടെന്ന് വെക്കാത്തത് അവൻ ദൈവമായതുകൊണ്ടാണ്. ശിഷ്യന്മാർ പടകിൽവെച്ച് യേശുവിനെ ആരാധിച്ചപ്പോഴും (മത്താ.14:33) ഉയിർത്തെഴുന്നേറ്റ യേശുവിനെ അപ്പൊസ്തലന്മാർ ആരാധിച്ചപ്പോഴും (മത്താ.28:17. ലൂക്കോ.24:52) യേശുവൊരിയ്ക്കലും ആരാധനയ്ക്ക് താൻ അനർഹനാണെന്ന് പറയുകയോ sorry പറയുകയോ

# Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

ചെയ്തില്ല. യേശുക്രിസ്തു ദൈവം തന്നെ.

**യഹോവയെപ്പറ്റി പഴയനിയമം പ്രസ്താവിച്ചതുതന്നെ പുതിയനിയമം യേശുവിനെപ്പറ്റിയും പ്രസ്താവിച്ചു**

സങ്കീ.102-ൽ 24 മുതൽ 27 വരെ വചനങ്ങളിൽ ‘‘എന്റെ ദൈവമേ ആയുസ്സിന്റെ മദ്ധ്യത്തിൽ എന്നെ എടുത്തുകളയരുതെ! എന്നു ഞാൻ പറഞ്ഞു. നിന്റെ സംവത്സരങ്ങൾ തലമുറ തലമുറയായിരിക്കുന്നു. പൂർവ്വകാലത്ത് നീ ഭൂമിക്ക് അടിസ്ഥാനമിച്ചു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും. നീയോ നിലനിൽക്കും. അവയെല്ലാം വസ്ത്രംപോലെ പഴകിപ്പോകും. ഉടുപ്പ്പോലെ നീ അവയെ മാറും. അവ മാറിപ്പോവുകയും ചെയ്യും. നീയോ അനന്യനാകുന്നു; നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല.’’ ഇനി പുതിയനിയമത്തിലേക്ക് ചെല്ലാം. എബ്രായലേഖനം 1:10-12 – ‘‘കർത്താവേ, നീ പൂർവ്വകാലത്ത് ഭൂമിക്ക് അടിസ്ഥാനമിട്ടു, ആകാശവും നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും , നീയോ നിലനിൽക്കും, അവയെല്ലാം സ്ത്രംപോലെ പഴകിപ്പോകും ഉടുപ്പുപോലെ നീ അവയെ ചുരുട്ടും, വസ്ത്രംപോലെ അവ മാറിപ്പോകും നീയോ അനന്യൻ. നിന്റെ സംവത്സരങ്ങൾ അവസാനിക്കയുമില്ല.’’

പഴയനിയമത്തിലെ യിര.17:10-ലുള്ള വചനവും വെളി.2-23 വചനവും താരതമ്യം ചെയ്ത് നോക്കുക: യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്ത് അന്ത:രംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തന് അവനവന്റെ നടപ്പിനും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. പുതിയനിയമത്തിലേക്ക് ചെല്ലാം ‘‘ഞാൻ ഉൾപ്പൂവുകളെയും ഹൃദയങ്ങളെയും ആരായുന്നവൻ എന്ന് സകലസഭകളും അറിയും; നിങ്ങളുടെ പ്രവൃത്തിക്ക് തക്കവണ്ണം ഞാൻ നിങ്ങൾക്കേവർക്കും പകരം ചെയ്യും.’’ പഴയനിയമത്തിൽ യെശ.60:19- ‘‘ഇനി പകൽനേരത്ത് നിന്റെ വെളിച്ചം സൂര്യനല്ല; നിനക്ക് നിലാവെട്ടം തരുന്നത് ചന്ദ്രനുമല്ല; യഹോവ നിനക്ക് നിത്യപ്രകാശവും നിന്റെ ദൈവം നിന്റെ തേജസ്സും ആകുന്നു.’’ യോഹ.12-41- യെശയ്യാവ് അവന്റെ തേജസ്സ് കണ്ട് അവനെക്കുറിച്ച് സംസാരിച്ചതുകൊണ്ടാണ് ഇത് പറഞ്ഞത്. പഴയനിയമത്തിൽ യെശ.8:14,15 – ‘‘എന്നാൽ അവൻ ഒരു വിശുദ്ധമന്ദിരം ആയിരിക്കും. എങ്കിലും യിസ്രായേൽഗൃഹത്തിന് രണ്ടിനും അവൻ ഒരു ഇടർച്ചക്കല്ലും തടങ്കൽപ്പാറയും യെരുശലേം നിവാസികൾക്ക് ഒരു കുടുക്കും കെണിയും ആയിരിക്കും. പലരും അതിൻമേൽ തട്ടിവീണ് തകർന്നുപോവുകയും കെണിയിൽ കുടുങ്ങി പിടിവിടുകയും ചെയ്യും.’’ പുതിയനിയമത്തിൽ 1 പത്രൊ.2:7,8 – ‘‘വിശ്വസിക്കുന്ന നിങ്ങൾക്ക് ആ മാന്യതയുണ്ട്. വിശ്വസിക്കാത്തവർക്കോ വീട് പണിയുന്നവർ തള്ളിക്കളഞ്ഞ കല്ലുതന്നെ മൂലക്കല്ലും ഇടർച്ചക്കല്ലും തടങ്കൽപ്പാറയും ആയിത്തീർന്നു. അവർ വചനമനുസരിക്കായ്കയാൽ ഇടറിപ്പോകും. അതിന് അവരെ വെച്ചുമിരിക്കുന്നു.’’ ഇനി പഴയനിയമത്തിലെ യെഹ.34:11,12-ഉം ലൂക്കോ.19:10-ഉം കുറിയ്ക്കാം. ‘‘യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ തന്നെ എന്റെ ആടുകളെ തിരഞ്ഞ് നോക്കും. ഒരു ഇടയൻ ചിതറിപ്പോയിരിക്കുന്ന തന്റെ ആടുകളുടെ ഇടയിൽ ഇരിക്കുന്ന നാളിൽ തന്റെ ആട്ടിൻകൂട്ടത്തെ അന്വേഷിക്കുന്നതുപോലെ ഞാൻ എന്റെ ആടുകളെ അന്വേഷിച്ച്, അവ കാറും കറുപ്പുമുള്ള ദിവസത്തിൽ ചിതറിപ്പോയ സകല സ്ഥലങ്ങളിലുംനിന്ന് അവയെ വിടുവിക്കും.’’ ‘‘കാണാതെപോയതിനെ തിരഞ്ഞ് രക്ഷിക്കുവാനല്ലോ മനുഷ്യപുത്രൻ വന്നത് എന്ന് പറഞ്ഞു’’ (ലൂക്കോ.19:10).

**യഹോവയുടെ പ്രത്യേക നാമങ്ങളുടെ നിറവേറൽ ക്രിസ്തുവിലാണ്.**

യഹോവയുടെ പ്രസിദ്ധനാമങ്ങളും അർത്ഥവും കുറിയ്ക്കാം. 1. യഹോവ – ഏലോഹിം = നിത്യനായ യഹോവ (ഉല്പ.2:4). 2. യഹോവ – യിരെ = കരുതുന്ന യഹോവ (ഉല്പ.22:8). 3. യഹോവ – അദോനായി = കർത്താവായ യഹോവ (ഉല്പ.14:2). 4. യഹോവ – നിസ്സി = യഹോവ എന്റെ ജയക്കൊടി (പുറ.17:15). 5. യഹോവ –

# Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

റാഫാ = യഹോവ സൗഖ്യമാക്കുന്നവൻ (പുറ.15:26). 6. യഹോവ – ശാലോം = യഹോവ നമ്മുടെ സമാധാനം (ന്യായാ.16:24). 7. യഹോവ – സിദ്കേനു = യഹോവ നമ്മുടെ നീതി (യിരെ.23:6). 8. യഹോവ – കമഡഷ്കേം = യഹോവ നമ്മെ ശുദ്ധീകരിക്കുന്നവൻ (യെഹ.20:12). 9. യഹോവ – സെബായോത് = സൈന്യങ്ങളുടെ യഹോവ (1 ശമു.1:3). 10.യഹോവ – ശമ്മാ = യഹോവ സമീപസ്ഥൻ. 11. യഹോവ – റാഹ് = യഹോവ എന്റെ ഇടയൻ (സംങ്കീ.23:1). 12. യഹോവ – നാഖാ = യഹോവ നിന്നെ നടത്തുന്നു (യെശ.58:11).

ഈ 12 കാര്യങ്ങളും കൂട്ടിച്ചേർത്താൽ യഹോവ സർവ്വശക്തനും, സർവ്വവ്യാപിത്വം ഉള്ളവനും സർവ്വജ്ഞാനിയും ആണെന്ന് കിട്ടും. സകലതും ചെയ്യാൻ കഴിയുന്ന അവസ്ഥയാണ് സർവ്വശക്തി എന്നു പറയുന്നത്. ഒന്നുമില്ലായ്മയിൽനിന്നുള്ള സൃഷ്ടിക്കൽ സർവ്വശക്തിയുടെ തെളിവാണ്. ഫോൺ ഉണ്ടെങ്കിൽ വിളിക്കാം. ഇമെയിൽ അയയ്ക്കുകയോ എസ്എംസ് ഇടുകയോ ചെയ്യാം. ഫോൺ അഥവാ കംപ്യൂട്ടർ ഇല്ലെങ്കിൽ ഇത്തരം കാര്യങ്ങൾ വല്ലതും ചെയ്യാൻ പറ്റുമോ? സർവ്വശക്തന് കഴിയും. തുണി കൊടുത്താലേ നെയ്ത്തുകാരന് വസ്ത്രം നെയ്യാൻ പറ്റൂ. സർവ്വശക്തന് വസ്ത്രം നെയ്ത് കൊടുക്കാൻ തുണി ആവശ്യമില്ല. ഒന്നുമില്ലായ്മയിൽ നിന്നും എന്തെങ്കിലും ഉണ്ടാക്കുവാൻ മനുഷ്യർക്ക് കഴിയില്ല.

യേശുവിന് കഴിഞ്ഞു. പ്രപഞ്ചസൃഷ്ടികർമ്മത്തിൽ യേശു ഉണ്ടായിരുന്നു. "സകലവും അവൻ മുഖാന്തരം ഉളവായി. ഉളവായതൊന്നും അവനെക്കൂടാതെ ഉളവായതല്ല" (യോഹ.1:3). "അവൻ ലോകത്തിലുണ്ടായിരുന്നു; ലോകം അവൻ മുഖാന്തരം ഉളവായി." (യോഹ.1:10). "അവൻ അദൃശ്യനായ ദൈവത്തിന്റെ പ്രതിമയും സർവ്വശൃഷ്ടിക്കും ആദ്യജാതനുമാകുന്നു. സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ അധികാരങ്ങളാകട്ടെ സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു: അവൻ മുഖാന്തരവും അവനായും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു" (കൊളോ.1:15,16). എബ്രായലേഖനം 1-ൽ 2-ാം വാക്യം ഉദ്ധരിക്കാം. "അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി. ക്രിസ്തു സർവ്വശക്തനാണെന്നതിന് തെളിവാണീ സത്യവചനങ്ങൾ.

യേശു സമസ്തമേഖലകളിലും അത്ഭുതം പ്രവർത്തിച്ചു. ഏലിയാവും പൗലൊസും ചില ചില

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

**വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട്**
**(ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)**

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

**ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.**

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |

## പ്രാർത്ഥനാ സഹായങ്ങൾക്ക് വിളിക്കുക

# ദേവസ്യാ മുല്ലക്കര സാർ

# 9388371777, 9946635111

## സമയം: രാവിലെ 7 മുതൽ 9 വരെ

### പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

**എറണാകുളം അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം
വെസ്റ്റ് റോഡ്, ചെമ്പുമുക്ക്,
കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ.

**ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരളം.
പിൻകോഡ്: 670 511.

**e-mail: ekmoffice@gmail.com**
**our official website: www.churchofeternity.org**

### Cheque And Drafts ചെക്കുകളും ഡ്രാഫ്റ്റുകളും

### അയക്കേണ്ട വിലാസം:

**Devasia mullakkara**
**PB. No.1**
**Cherupuzha(P.O)**
**Kannur(Dist), Kerala**
**Pin Code: 670 511**
**Ph: 04985 213999**

ദേവസ്യാ മുല്ലക്കര, PB.No.1
ചെറുപുഴ P.O
കണ്ണൂർ (ജില്ല), കേരള.
പിൻകോഡ്: 670 511.
Ph: 04985-213999

മണിയോർഡറുകൾ അയക്കുമ്പോൾ തുക ട്രസ്റ്റിന്, ചർച്ചിന്, ഓൾഡേജ് ഹോമിന് എന്നത് വേർതിരിച്ച് എഴുതുക. അഡ്രസ്സിൽ ഫോൺ നമ്പർ കൂടി ഉറപ്പുവരുത്തുന്നത് ഉപകാരപ്രദമായിരിക്കും. NB: NEFT വഴി തുക അയച്ച വിവരം മുകളിൽ കൊടുത്തിരിക്കുന്ന ഇ-മെയിലിലോ, വിലാസത്തിലോ, ഫോൺ നമ്പറിലോ അറിയിക്കുക.

## Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

കാര്യങ്ങൾ ചെയ്തു. യേശുവാകട്ടെ പിശാചുക്കളെ ഒഴിച്ചു, മരിച്ചവരെ ഉയിർപ്പിച്ചു, കടലിനെയും കാറ്റിനെയും ശാന്തമാക്കി; മാനസാന്തരങ്ങൾ, പുതുജനനങ്ങൾ, പ്രകൃതിയുടെമേൽ, സകല ജീവജാലങ്ങളുടെമേൽ എന്നുവേണ്ട അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ഒരു അനുസ്യൂതപ്രവാഹമായിരുന്നു യേശുവിന്റെ ജീവിതം. അവൻ സർവ്വശക്തനായിരുന്നതുകൊണ്ടും സർവ്വജ്ഞാനിയായിരുന്നതുകൊണ്ടും സർവ്വവ്യാപി യായിരുന്നതുകൊണ്ടുമാണ് ഇങ്ങനെയൊക്കെ സാധിച്ചത്. യേശു മരിച്ചിടത്തുനിന്ന് - കല്ലറയിൽനിന്ന്, മൂന്നാംദിവസം ഉയിർത്തെഴുന്നേറ്റത് അവിടുത്തെ സർവ്വശക്തിയുടെ തെളിവാണ്. "നിങ്ങൾ ഈ മന്ദിരം പൊളിപ്പിൻ (ഈ ശരീരത്തെ കൊല്ലുവിൻ) ഞാൻ മൂന്നുനാൾകൊണ്ട് അതിനെ പണിയും" (യോഹ.2:19). ''ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെയുണ്ട്'' (മത്താ.18:20). എല്ലാനാളും വിശ്വാസികൾ എവിടെയാണെങ്കിലും അവരോടുകൂടി യേശു ഉണ്ടാകണമെങ്കിൽ അവൻ സർവ്വവ്യാപി യായിരിക്കണമല്ലോ. മത്താ.18:20 രണ്ടോ മൂന്നോപേർ കൂടി വരുന്നിടത്ത് ഞാൻ അവരുടെ നടുവിൽ ഉണ്ടാകണ മെങ്കിൽ അവൻ സർവ്വവ്യാപിയായിരിക്കേണ്ടേ? എല്ലാ വിശ്വാസികളുടെയും ഉള്ളിൽ ആത്മാവായി യേശു വസിക്കണമെങ്കിൽ അവൻ എല്ലായിടത്തും - സർവ്വവ്യാപി യും - ആയിരിക്കണമല്ലോ.

സർവ്വജ്ഞാനി എന്നാൽ വർത്തമാനകാലം മാത്രമല്ല ഭൂത - വർത്തമാനകാലമൊക്കെയും അറിയുന്നവൻ ശമര്യസ്ത്രീയുടെയും നഥാനയേലി ന്റെയും ഭൂതകാലം യേശു അനാവരണം ചെയ്ത സംഭവം (യോഹ.4:18,19, 1:47-50). ലോകസ്ഥാപനം മുതലേ ഗൂഢമായതൊക്കെയും അവിടുത്തേക്ക് അറിയാമായി രുന്നു. എനിക്ക് ഭർത്താവില്ല എന്ന് ആ ശമര്യസ്ത്രീ പറഞ്ഞ പ്പോൾ "അഞ്ച് ഭർത്താക്കന്മാർ നിനക്കുണ്ടായിരുന്നു ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല, നീ പറഞ്ഞത് സത്യം തന്നെ എന്നു പറഞ്ഞു. സ്ത്രീ അവനോട് : നീ പ്രവാചകനെന്ന് ഞാൻ അറിയുന്നു. ഇന്നലെകളിലെ, ശമര്യസ്ത്രീയുടെ ജീവിതം ഏത് തരത്തിലുള്ള തായിരുന്നു എന്ന് അങ്ങോട്ട് സത്യംസത്യമായി പറയുവാൻ ഇടവന്നത് യേശുവിന്റെ സർവ്വജ്ഞാന ത്വഗുണത്തിന് യോജിച്ച ഉദാഹരണം തന്നെ. "നഥാനിയേൽ തന്റെ അടുക്കൽ വന്നത് യേശു കണ്ടു. ഇതാ, സാക്ഷാൽ യിസ്രയേല്യൻ, ഇവനിൽ കപടമില്ല എന്ന് അവനേക്കുറിച്ച് പറഞ്ഞു. നഥനയേൽ അവനോട്, എന്നെ എവിടെവെച്ച് അറിയും എന്നു ചോദിച്ചതിന് : ഫിലിപ്പോസ് നിന്നെ വിളിക്കുംമുമ്പേ, നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടുവെന്ന് യേശു ഉത്തരം പറഞ്ഞു. നഥനയേൽ അവനോട് : നീ യിസ്രയേലിന്റെ രാജാവാകുന്നു എന്നുത്തരം പറഞ്ഞു. യേശു അവനോട് ഞാൻ നിന്നെ അത്തിയുടെ കീഴിൽ കണ്ടു എന്നു നിന്നോട് പറയുകകൊണ്ട് നീ വിശ്വസിക്കുന്നുവോ? നീ ഇതിനേക്കാൾ വലിയത് കാണും എന്നു പറഞ്ഞു" (യോഹ.1:47-50).

മനുഷ്യന്റേതെന്നല്ല, ലോകത്തുള്ള സകലത്തി ന്റെയും ഭൂത - വർത്തമാന - ഭാവികാല സംഭവങ്ങളൊക്കെ ഏതെങ്കിലും പ്രവാചകൻ മാത്രമായാൽ മനസ്സിലാ കണമെന്നില്ല. സർവ്വജ്ഞാനിക്ക് എല്ലാം മനസ്സിലാകും. യേശു ദൈവമായതുകൊണ്ടും, നമ്മുടെ ഏതേത് പാപാവസ്ഥയിലും, ഏതേത് അന്ധവിശ്വാസത്തിന്റെ അവസ്ഥയിലും നമ്മെ ഒരു ഉറുമ്പ് കടിക്കുന്നുണ്ടെങ്കിൽ അതു മുതൽ ഏത് കാട്ടാനയാൽ ആക്രമിക്കപ്പെടുവാൻ പോകുന്നുവോ അതുവരെയും യേശു എന്ന സത്യദൈവം എല്ലാമെല്ലാം അറിയുന്നു എന്നു മാത്രമല്ല, അവിടുന്ന്, നാം, അവിടുന്നിൽ യഥാർത്ഥമായി വിശ്വസിക്കുന്നുണ്ടെങ്കിൽ, നമ്മോടെല്ലാം മറന്ന്, പൊറുത്ത് സ്നേഹവും വിടുതലും കൃപയും തന്ന് നമ്മെ നിത്യരക്ഷയും നിത്യസ്നേഹവും തന്ന് അനുഗ്രഹിക്കുകയും തന്നെ ചെയ്യും.

**ക്രിസ്തു എന്ന പാറ**

1 കൊരി.3:11-ൽ ''യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നിടുവാൻ



# Fundamental Knowledge of True Theology - Chapter : 23

# ക്രിസ്തുശാസ്ത്രം Christology

ആർക്കും കഴിയുകയില്ല" പത്രൊസപ്പൊസ്തലൻ ഇങ്ങനെ പറയുന്നു "ഞാൻ ശ്രേഷ്ഠവും മാന്യവുമായ ഒരു മൂലക്കല്ല് സീയോനിൽ ഇടുന്നു" (1 പത്രൊ.2:6). യെശ.28:16-ൽ ആ പഴയനിയമപ്രവാചകൻ പറഞ്ഞതു തന്നെയാണ് പത്രൊസപ്പൊസ്തലൻ വിളിച്ചുപറഞ്ഞത്. "ഇതാ ഞാൻ സീയോനിൽ ഉറപ്പുള്ള അടിസ്ഥാനമായിട്ട് ശോധന ചെയ്ത കല്ലും വിലയേറിയ മൂലക്കല്ലുമായി ഒരടിസ്ഥാനമിട്ടിരിക്കുന്നു." ക്രിസ്തു എന്ന മൂലക്കല്ലിനേപ്പറ്റി, പാറയെപ്പറ്റി പഴയനിയമ ത്തിലും പുതിയനിയമത്തിലും ഒരുപോലെ പ്രതിപാദിച്ചിരിക്കുന്നു.

ക്രിസ്തീയജീവിതത്തിന്റെ യഥാർത്ഥ അടിസ്ഥാനം ഏതെങ്കിലും ചടങ്ങുകളോ, സംഘടനാ മീറ്റിംഗുകളോ ആണെന്നല്ല, നാം ധരിക്കേണ്ടത്. പഴയനിയമത്തിലെ കാക്കയെക്കൊണ്ട് ആഹാരം തരുവിച്ചതിനെ വർണ്ണിച്ചു വർണ്ണിച്ച് നമ്മെ പ്രസംഗം പറച്ചിലിന്റെയും സ്തുതിസ്തോത്രങ്ങളുടെയും പ്രത്യേകമണ്ഡലത്തിലേക്ക് കൊണ്ടുപോകാനുള്ള കഴിവിനെയും ആണെന്ന് നാം ധരിക്കരുത്. അത് ക്രിസ്തുയേശുവിനോടുള്ള ബന്ധം തന്നെയാണെന്ന് വിചാരിക്കുകയും വിശ്വസിക്കുകയും എന്നതായിരിക്കണം. തിരുവചനം വീണ്ടും ഉദ്ധരിക്കട്ടെ. "യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാന മല്ലാതെ മറ്റൊന്നിടുവാൻ ആർക്കും കഴിയുകയില്ല. ആ അടിസ്ഥാനത്തിൻമേൽ ആരെങ്കിലും, പൊന്ന്, വിലയേറിയ കല്ല്, മരം, പുല്ല് വൈക്കോൽ എന്നിവ പണിയുന്നുവെങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ട് വരും. ആ ദിവസം അതിനെ വെളിവാക്കും, അത് തീയോടെ വെളിപ്പെട്ട് വരും, ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധമെന്ന് തീ തന്നെ ശോധന ചെയ്യും. ഒരുത്തൻ പണിത പ്രവൃത്തി നിലനിൽക്കുമെങ്കിൽ അവന് പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ, അവന് ചേതം വരും; താനോ രക്ഷിക്കപ്പെടും എന്നാൽ തീയിൽക്കൂടി എന്നപോലെ അത്രേ"(1 കൊരി.3:11-14). "ഞാൻ എന്റെ സഭയെ പണിയും" എന്ന് മത്താ.16:18--ൽ പറഞ്ഞ യേശുക്രിസ്തു ആ സഭാസൗധം പണിയുന്നത് പലതരം വസ്തുക്കളുപയോഗിച്ചുകൊണ്ടാണ്. വെന്ത്പോകുന്ന വസ്തുക്കളെയും ഉപയോഗിക്കാൻ കർത്താവിന് കഴിയും. വിലയേറിയ വസ്തുക്കളോ വില കുറഞ്ഞ വസ്തുക്കളോ ഏത് വേണമെങ്കിൽ പോലും അവിടുന്ന് ഉപയോഗിക്കും.

രണ്ട് തരം വീടുകളുണ്ട്. വിലയേറിയ വസ്തുക്കൾ കൊണ്ടുണ്ടാക്കുന്ന വീടുകളും വിലകുറഞ്ഞ വസ്തുക്കൾ കൊണ്ടുണ്ടാക്കുന്ന വീടുകളും. സ്വർണ്ണവും വെള്ളിയും കല്ലും വളരെ വിലയുള്ള പദാർത്ഥങ്ങളാണ്. സ്വർണ്ണം ദൈവത്തിന്റെ സ്വർഗ്ഗീയരാജത്വത്തിന്റെ ചിഹ്നമാണ്. വെള്ളി കർത്താവിന്റെ വീണ്ടെടുപ്പിന്റെ ചിഹ്നവും. കല്ല് അവിടുത്തെ ഉയർന്ന വ്യക്തിത്വത്തി ന്റെയും പകിട്ടേറിയ ശുശ്രൂഷയുടെയും ചിഹ്നവുമാണ്. ഈ പദാർത്ഥങ്ങൾ എളുപ്പത്തിൽ തീ പിടിച്ച് നേരിട്ട് നശിക്കുന്നവയല്ല. എന്നാൽ പുല്ല് വൈക്കോൽ മരം എന്നിവ ഉപയോഗിച്ചുള്ള വീടുപണി പെട്ടെന്ന് തീ പിടിച്ചും കാറ്റത്തടിഞ്ഞ് വീണുപോയേക്കാം. കുടിലുകൾ ഉണ്ടാക്കുന്നത് അവ ഉപയോഗിച്ചുകൊണ്ടാണല്ലോ. കുടിലുകൾക്ക് ദീർഘകാലത്ത് നിലനിൽക്കാൻ കഴിയുകയില്ല. അതായത് ദൈവനാമ മഹത്വത്തിനല്ലാതെ, പേരും പ്രശസ്തിക്കുംവേണ്ടിയോ ധനസമ്പാദനത്തിനു വേണ്ടിയോ, സൗകര്യമുള്ള "ദൈവശാസ്ത്രം" (ഊതിവീഴ്ത്തൽ, ഉന്തിവീഴ്ത്തൽ, ടൊറൊന്റോബ്ലസ്സിംഗ്, ധനസമ്പാദനലക്ഷ്യത്തെ ഉയർത്തിപ്പിടിക്കുന്ന പ്രോസ്പിരിറ്റിതിയോളജി തുടങ്ങി കുരിശിന്റെ വചനത്തെയും നിത്യതയ്ക്കായി നാം മാനസാന്തര പ്പെടേണ്ടതുണ്ടെന്ന വചനത്തെയും മറച്ചുവെച്ചു കൊണ്ടുള്ള വൈദേശിക അലയൊലികളെയും) ചെയ്യുന്ന പണികളൊക്കെയും കത്തിപ്പോകും താമസിയാതെ.

(അടുത്തലക്കത്തിൽ തുടരും...)

# വാർത്തകൾ

## ഈജിപ്തിലെ ക്രൈസ്തവർക്ക് ഇടയിൽ ശരീയത്ത് നിയമം അടിച്ചേൽപ്പിക്കുവാൻ ശ്രമം

ആരിഷ് ഈജിപ്ത്: കോപ്റ്റിക്ക് ക്രൈസ്തവർക്ക് നേരെയുള്ള ആക്രമണങ്ങൾ വർദ്ധിപ്പിച്ചതിനുപുറമെ, ഗാസയുമായി അതിർത്തി പങ്കിടുന്ന ഈജിപ്തിലെ അതിർത്തിപ്രദേശങ്ങളിലുള്ള ക്രിസ്ത്യാനികൾക്കിടയിൽ ശരീയത്ത് നിയമങ്ങൾ അടിച്ചേൽപ്പിക്കുവാൻ ഇസ്ലാമിക് സ്റ്റേറ്റ് ശ്രമിക്കുന്നതായി റിപ്പോർട്ടുകൾ. ഇതിനായി ഹിസ്ബാ എന്നുപേരായ മതാത്മകപോലീസ് സംവിധാനത്തിന് ഇസ്ലാമിക് സ്റ്റേറ്റ് രൂപംകൊടുത്തിട്ടുണ്ടെന്ന് റോയിട്ടേഴ്സ് പുറത്തുവിട്ട അന്വേഷണറിപ്പോർട്ടിൽ പറയുന്നു.

ഈജിപ്തിലെ ആകെ ജനസംഖ്യയുടെ പത്ത് ശതമാനത്തോളം വരുന്ന ക്രിസ്ത്യനാനികളെ തങ്ങൾ തുടച്ചുനീക്കുമെന്ന് കഴിഞ്ഞ ഫെബ്രുവരിയിൽ "സീനായ പ്രൊവിൻസ്" എന്നു വിളിക്കപ്പെടുന്ന ഐഎസ് അനുബന്ധസംഘടന പുറത്തുവിട്ട വീഡിയോയിൽ വെളിപ്പെടുത്തിയിരുന്നു .ശരീയത്ത് നിയമമനുസരിച്ച് ജീവിക്കാത്തവരെ തങ്ങൾ ശിക്ഷിക്കുമെന്ന് 25 മിനിറ്റോളം നീണ്ടുനിൽക്കുന്ന മറ്റൊരു വീഡിയോയിലൂടെയും ഐഎസ് മുന്നറിയിപ്പുണ്ടായിരുന്നു.

പുരുഷന്മാർ താടി വടിക്കുന്നത് തടയുക, സ്ത്രീകള നിർബന്ധമായി മുഖം മറപ്പിക്കുക തുടങ്ങിയവയുൾപ്പെടെയുള്ള കർശനമായ മുസ്ലീം ശരീയത്ത് നിയമങ്ങൾ ബലമായി അടിച്ചേൽപ്പിക്കുക എന്നതാണ് ഇസ്ലാംമിക് സ്റ്റേറ്റ് രൂപം നൽകിയ സംഘത്തിലൂടെ ലക്ഷ്യമിടുന്നത്.

കഴിഞ്ഞമാസം ഓശാനതിരുനാൾ ദിനത്തിൽ രണ്ട് ദേവാലയങ്ങളിൽ ഇസ്ലാമിക്സ്റ്റേറ്റ് ഭീകരർ നടത്തിയ ചാവേർ ആക്രമണങ്ങളിൽ 25 പേരാണ് കൊല്ലപ്പെട്ടത്. മുസ്ലീം തീവ്രവാദികളുടെ നിരന്തര ആക്രമണത്തിന് വിധേയരായി ക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ 175 -ഓളം കുടുംബങ്ങൾ സീനായ് മേഖലയിൽ നിന്നും പാലായനം ചെയ്തതായി റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു.

സിറിയ, ഇറാഖ്, ലിബിയ എന്നിവടങ്ങളിൽ നിന്ന് ഏറ്റ തിരിച്ചടികൾക്ക് പകരമായി വടക്കൻ സീനായ്മേഖലയിൽ മതസ്പർദ്ധയും, വിഭാഗീയതയും വളർത്തുവാൻ ഐഎസ് ശ്രമിക്കുകയാണ്.

വടക്കൻ സീനായ്മേഖലയിലെ ക്രിസ്ത്യാനികൾ നേരിടുന്ന ആക്രമണങ്ങൾക്കെതിരെ ഐക്യരാഷ്ട്ര സഭയുടെ നേതൃത്വത്തിൽ അടിയന്തിര നടപടികൾ എടുക്കണമെന്ന ആവശ്യം ശക്തമാവുകയാണ്.

കടപ്പാട്: പ്രവാചകശബ്ദം

## STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O
   Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O.,
   Cherupuzha
   670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara

# ആത്മാഭിഷേകം ടീമിന്റെ ശുശ്രൂഷകൾ

| | |
|---|---|
| മെയ് 19 | കടുത്തുരുത്തി, കൺവെൻഷൻ, കണിവേലിൽ ഓഡിറ്റോറിയം, 10 am-3 pm Ph:9947260420 |
| മെയ് 20 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം, 10 am-3 pm Ph:9947217398 |
| മെയ് 21 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9400784917, 9645707908. 10 am-3 pm |
| മെയ് 22-26 | കൃപാവരവളർച്ചാധ്യാനം (Harvesters & Evangelists) പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം Ph:04985 213999, 9947267701,9446988562 |
| മെയ് 27 | കൺവെൻഷൻ തലശ്ശേരി. Ph:9539002341 10 am-3 pm |
| മെയ് 28 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| മെയ് 29-ജൂൺ 2 | ആലപ്പുഴ, ബൈബിൾ സ്കൂൾ. ഐശ്വര്യാ ഓഡിറ്റോറിയം Ph:9447116820 10 am-2 pm |
| ജൂൺ 3 | തൃശൂർ കൺവെൻഷൻ, ചേംബർ ഓഫ് കൊമേഴ്സ്ഹാൾ,പാലസ് റോഡ് Ph:9961854203 10 am-3 pm |
| ജൂൺ 4 | എറണാകുളം കൺവെൻഷൻ. പാലാരിവട്ടം ചർച്ച് ഹാൾ. 10 am-3 pm Ph:9388487301 |
| ജൂൺ 10 | തിരുവല്ല. .ആത്മാഭിഷേകം ന്യൂ ചർച്ച്ഹാൾ മഞ്ഞാടി. Ph:9446745148 10 am-3 pm |
| ജൂൺ 11 | പാറശ്ശാല. കൺവെൻഷൻ. ആത്മാഭിഷേകം വർഷിപ്പ് സെന്റർ, ഷീലാ കോട്ടേജ്, പുത്തൻകട റെയിൽവേ പാലത്തിന് സമീപം. Ph:9744569559 10 am-1 pm<br>തിരുവനന്തപുരം. കൺവെൻഷൻ. പരുത്തിപ്പാറ ഗ്രേസ് മിനിഹാൾ Ph:9446718242 2.30 Pm-5.30 pm |
| ജൂൺ 17 | തൃപ്പൂണിത്തറ, കൺവെൻഷൻ, സീമാ ഓഡിറ്റോറിയം, 10 am-3 pm Ph:9947217398 |
| ജൂൺ 18 | കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. കുരിശുപള്ളിക്ക് സമീപം. ബാങ്ക്റോഡ്. Ph:9400784917,9645707908. 10 am-3 pm |
| ജൂൺ 19-22 | രോഗസൗഖ്യാനുഭവധ്യാനം (Harvesters & Evangelists) പുളിങ്ങോം ആത്മാഭിഷേകം വചനാശ്രമം.Ph:04985 213999, 9947267701,9446988562 |
| ജൂൺ 24 | കൺവെൻഷൻ തലശ്ശേരി. Ph:9539002341 10 am-3 pm |
| ജൂൺ 25 | കൺവെൻഷൻ ഏറ്റുമാനൂർ വ്യാപാരഭവൻ. Ph:9947260420 10 am-3 pm |
| ജൂൺ 26-30 | കോട്ടയം, ബൈബിൾ സ്കൂൾ. Ph:9447116820 |

## പൊതുകൺവെൻഷനുകൾ

ഒന്നാം ഞായർ പാലാരിവട്ടം, രണ്ടാം ഞായർ തിരുവനന്തപുരം,
മൂന്നാം ഞായർ കോഴിക്കോട്, നാലാം ഞായർ ഏറ്റുമാനൂർ.
ഒന്നാം ശനി തൃശ്ശൂർ, രണ്ടാം ശനി തിരുവല്ല, മൂന്നാം ശനി തൃപ്പൂണിത്തുറ,
നാലാം ശനി തലശ്ശേരി.

**എല്ലാ മാസവും ആദ്യത്തെ ആഴ്ച പുസ്തകരചനയും പ്രാർത്ഥനയും.**
**എല്ലാ മാസവും മൂന്നാം ഞായർ കഴിഞ്ഞുള്ള തിങ്കൾ മുതൽ വെള്ളി വരെ പുളിങ്ങോം ധ്യാനം.**
**എല്ലാ മാസവും നാലാമത്തെ ആഴ്ചയിൽ തിങ്കൾ മുതൽ വിവിധയിടങ്ങളിൽ സോണൽ ബൈബിൾ സ്കൂളുകൾ.**

ATHMABHISHEKAM MONTHLY
2017 MAY
RNI NO. KER - MAL/2003/12060 - KL/KNR/41/2016-18

Rs.20.00

Licence to post without pre payment
NO.KL/PMG/NR/WPP/1-2/KNR/2016-2018
Published on 17th MAY 2017

# ആത്മാഭിഷേകം ചിൽഡ്രൻ ബൈബിൾ ക്ലബ്ബ്

(ആത്മാഭിഷേകം ചർച്ച് ഓഫ് ഇറ്റേണിറ്റി കുട്ടികൾക്കായി
നടത്തിയ വി ബി എസ് ക്ലാസ്സുകളിൽ ചിലത്)

## സമാധാന നക്ഷത്രങ്ങൾ



മുണ്ടക്കയം

അടിമാലി





പരുത്തിപ്പാറ

ചേർത്തല





Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod(Dt).